

# Lourde Voice

## ലൂർദ്ദ് വോയ്സ്

JUNE 2021





**LOURDES FORANE CHURCH**

**GANDHIPURAM, COIMBATORE**

**WWW.LOURDESFORANE.COM**






Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BEETEX®
INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com




# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 3 | ജൂൺ 2021 | ലക്കം 06


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും


ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com


കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Jeevan Poruthur CMI
Ph: 9344177797
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. Thomas Prabhu
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



എഡിറ്റോറിയൽ

ഇടയമൊഴി

Being Human

ഇടവക വാർത്തകൾ

ഓർമ്മിക്കേണ്ട ദിവസങ്ങൾ

സംഘടനാവാർത്തകൾ

സഭാവാർത്തകൾ

Catechism News

Kids Corner

Marian Knowledge




എഡിറ്റോറിയൽ

# കരുതലിന്റെ കരങ്ങൾ

"ദൈവചൈതന്യം എന്നെ സൃഷ്ടിച്ചു; സർവ്വശക്തന്റെ ശ്വാസം എനിക്കു ജീവൻ തന്നു." (ജോബ്: 33:4)

അമേരിക്കൻ പ്രസിഡന്റായിരുന്ന ജോർജ്ജ് W. ബുഷ് 2001 ജൂലൈ 23-ാം തിയ്യതി റോമിലെത്തി മാർപ്പാപ്പയെ കണ്ടു. തദവസരത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തോടു പറഞ്ഞു. 'അമേരിക്ക ആഗ്രഹിക്കുന്ന തരത്തിലുള്ള സ്വതന്ത്രവും പുണ്യപ്പെട്ടതുമായ സമൂഹം രൂപപ്പെടുത്തണമെങ്കിൽ ജീവന്റെ തുടിപ്പിന്റെ ആദ്യനിമിഷം മുതൽ സ്വാഭാവിക മരണം വരെ ' ജീവനെ' ബഹുമാനിക്കണമെന്നും അതിനെ വിലയിടിച്ചു കാണരുതെന്നും ഞാൻ ഓർമ്മപ്പെടുത്തട്ടെ'.

ഇന്ന് കോവിഡ് മഹാമാരിയുടെ രണ്ടാം ഘട്ടം മനുഷ്യന്റെ നിയന്ത്രണങ്ങൾക്കതീതമായി വ്യാപിച്ച്, രാജ്യത്തെയാകെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ടുള്ള ആൾക്കൂട്ടങ്ങളും ആഘോഷങ്ങളും രോഗവ്യാപനത്തിന് തീവ്രത കൂട്ടി. 'ജീവൻ' നിലനിർത്താൻ അല്പം പ്രാണവായു തേടി ആശുപത്രിവരാന്തകളിലും, വാഹനങ്ങളിലും, തെരുവോരങ്ങളിലും, അലയുന്ന രോഗികളും അവരുടെ പ്രിയപ്പെട്ടവരും. നിറഞ്ഞു കവിയുന്ന ആശുപത്രികൾ, താളം തെറ്റിയ ആരോഗ്യസംവിധാനങ്ങൾ.... ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട ഭരണസംവിധാനങ്ങൾ നിഷ്ക്രിയരായി നില കൊണ്ടപ്പോൾ നഷ്ടമായത് അനേകം നിഷ്കളങ്ക ജീവനുകൾ...

ജനാധിപത്യരാജ്യമായ നമ്മുടെ ഭാരതത്തിൽ ഭരണകൂടങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട ആരോഗ്യ അടിയന്തിരാവസ്ഥയിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത്. ഓക്സിജന്റെയും ജീവൻരക്ഷാമരുന്നകളുടെയും ലഭ്യത ഉറപ്പു വരുത്തി ഓരോ പൗരന്റെയും 'ജീവിക്കാനുള്ള മൗലിക അവകാശം സംരക്ഷിക്കാൻ അടിയന്തിര ഇടപെടൽ അനിവാര്യമായിരിക്കുന്നു.

അശാസ്ത്രീയമായ ഉല്പാദന-വിതരണ നയങ്ങളിൽ മാറ്റം വരുത്തി വാക്സിൻ ക്ഷാമം പരിഹരിക്കേണ്ടിയിരിക്കുന്നു. അനിയന്ത്രിതമായി

ഉയരുന്ന കോവിഡ് വ്യാപനം, ആശങ്കയുണർത്തുന്ന മരണനിരക്ക്, ആവശ്യ ഉപകരണങ്ങളുടെ അപര്യാപ്തത, ഓക്സിജൻ, വാക്സിൻ ക്ഷാമം ഇവയെല്ലാം ഭരണകൂടത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട മേഖലകളാണ്.


കോവിഡിനെ നേരിടേണ്ടത് ഭരണസംവിധാനങ്ങളുടെ മാത്രം ഉത്തരവാദിത്വമല്ല. ഓരോ വ്യക്തിയും തീരുമാനിച്ചാൽ മാത്രമേ സമൂഹവ്യാപനം തടയാനാകൂ. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ഓരോ വ്യക്തിയും ശ്രദ്ധിക്കണം. ലോക്ഡൗൺ കാലഘട്ടത്തിൽ പോലും നിയന്ത്രണങ്ങൾ പാലിക്കാതെ അനാവശ്യമായി പുറത്തിറങ്ങുന്നവരും നിസ്സാര കാരണങ്ങൾ പറഞ്ഞ് ലോക്ഡൗൺ ഇളവുകളെ ചൂഷണം ചെയ്യുന്നവരും ചിന്തിക്കുക. ഞാൻ എന്ന വ്യക്തി അപരന്റെ ജീവന് ഭീഷണിയാവരുത്. എന്റെയും എന്റെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷ ഉറപ്പാക്കാൻ ഞാൻ കടപ്പെട്ടിരിക്കുന്നു. അതിജീവനത്തിന്റെ ഈ നാളുകളിൽ പര്സപരം കരുതലിന്റെ കരങ്ങളായി വർത്തിക്കാം.

രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാൻ വേണ്ട മുൻകരുതൽ സ്വീകരിക്കാൻ നാം തയ്യാറാകണം. 'Prevention is better than cure' രോഗലക്ഷണങ്ങളും പ്രതിരോധ നടപടികളും ഇന്ന് ഏവർക്കും സുപരിചിതമാണ്. പ്രതിരോധ വാക്സിൻ സ്വീകരിക്കുക, ശ്വാസനവ്യായാമം ചെയ്യുക, വ്യക്തിശുചിത്വം പാലിക്കുക, സാമൂഹിക അകലം പാലിക്കുക എന്നിങ്ങനെ ഓരോ വ്യക്തിയും ശ്രദ്ധിച്ചാൽ ഈ പ്രതിസന്ധിഘട്ടത്തെയും നേരിടാനാകും.

**'മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ് (ലൂക്കാ 18: 27).** ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് വി. കുർബാനയിൽ പങ്കെടുത്തും ജപമാല, കരുണകൊന്ത, വ്യക്തിപരമായ പ്രാർത്ഥന എന്നിവയിലൂടെയും ആത്മീയ ജീവിതത്തിൽ ശക്തി പ്രാപിക്കാം. ദൈവം ദാനമായി നല്കിയ ഈ പ്രപഞ്ചത്തിലെ ജീവവായു ശ്വസിച്ച് ഇക്കഴിഞ്ഞ കാലമത്രയും ജീവിച്ചതിന് നന്ദി പറയാൻ മറന്നു പോയവരാണോ നമ്മൾ? നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവകരുണയിൽ ആശ്രയിച്ച് ഈ കാലഘട്ടത്തെയും നമുക്ക് അതിജീവിക്കാം. തേങ്ങുന്ന മനസ്സുകളെ തേടിയെത്തി ആശ്വസിപ്പിക്കുന്ന ഈശോയുടെ തിരുഹൃദയത്തിലേക്ക് ദാനമായി ലഭിച്ച നമ്മുടെ ഈ ജീവിതം സമർപ്പിക്കാം.

**ശ്രീമതി. അജിമോൾ ആന്റണി**





## ഇടയമൊഴി

# കോവിഡ് രണ്ടാം തരംഗവും യേശുവിന്റെ തിരുരക്തവും

കോവിഡിന്റെ രണ്ടാം തരംഗം അതിരൂക്ഷമാകുന്ന ഈ കാലാഘട്ടത്തിൽ നമുക്ക് എന്തു ചെയ്യാനാകും. ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു. 'ഈശോയുടെ തിരുരക്തം ഞാൻ എന്റെ ശരീരത്തിൽ കുത്തി വയ്ക്കുന്നു. ഒരു വൈറസിനും എന്നെ തോൽപ്പിക്കാൻ പറ്റില്ല.' ഈ പ്രാർത്ഥന നമ്മുടെ നാവിൻ തുമ്പിൽ ഉരുവിടാം. ഇന്ന് മനസ്സിൽ ഒരു ഭയം, നിരാശ വരുമ്പോൾ നമ്മെ ശക്തിപ്പെടുത്തുന്ന വചനമാണ് ഹെബ്രായ: 13:15 "ഞാൻ നിന്നെ ഒരു വിധത്തിലും അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ഇല്ല". ഈ കാലഘട്ടത്തിൽ നാം ആകുലരായി മാനസിക പിരിമുറക്കത്തിന് അടിമപ്പെടരുത്. പകരം ദിവ്യകാരുണ്യ ഈശോയിലേക്കു നോക്കി നിലവിളിക്കുക. അങ്ങേ തിരുരക്തം എന്റെ ശരീരത്തിൽ ഒഴുക്കി എന്നെ സഖ്യപ്പെടുത്തണേ. ഈശോ ചിന്തിയ തിരുരക്തം നമ്മുടെ നിത്യ ജീവിനും സൗഖ്യത്തിനും വിടുതലിനും വേണ്ടിയുള്ളതാണ്. "നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത് നാം പാപത്തിനു മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു. (1 പത്രോ : 2:24) യേശുവിന്റെ രക്തം എന്നെയും നിങ്ങളെയും വിടുവിക്കുന്ന രക്തമാണ്. നമ്മുടെ രോഗങ്ങളിൽ പീഡനങ്ങളിൽ, ബന്ധനങ്ങളിൽ, വേദനകളിൽ തകർച്ചകളിൽ യേശുവിന്റെ തിരുമുറിവിൽ നമ്മെ സമർപ്പിച്ചു പ്രാർത്ഥിക്കണം. ഈശോയെ തിരുമുറിവിന്റെ രക്തത്താൽ സൗഖ്യപ്പെടുത്തണമെ. അതിശക്തമായ യേശു അനുഭവം ഉണ്ടാകും.

2 രാജ: 2:19–22 നഗരവാസികൾ ഏലീഷയോടു പറഞ്ഞു: ഈ പട്ടണം ജീവിക്കാൻ പറ്റിയതാണ്. പക്ഷെ, വെള്ളം മലിനവും നാട് ഫലശൂന്യവുമാണ്. ഒരു പുതിയ പാത്രം കൊണ്ടുവന്ന് അതിൽ ഉപ്പിടുവിൻ എന്ന് അവൻ പറഞ്ഞു: അവർ അങ്ങനെ ചെയ്തു. അവൻ ഉറവയ്ക്ക് അടുത്തുചെന്ന് ഉപ്പ് അതിലിട്ടുകൊണ്ട് അരുളിചെയ്തു. ഞാൻ ഈ വെള്ളം ശുദ്ധീകരിച്ചിരിക്കുന്നു. ഇനി ഇത് മരണത്തിനോ ഫലശൂന്യതക്കോ കാരണമാവുകയില്ല".

2 രാജ: 4:38–41 "ഏലീഷ വീണ്ടും ഗിൽഗാലിൽ എത്തി അവിടെ ഭക്ഷണത്തിനു ക്ഷാമമായിരുന്നു. പ്രവാചകഗണത്തിന് അവിയിൽ തയ്യാറാക്കാൻ ആവശ്യപ്പെട്ടു. അവിയൽ വിളമ്പി ഭക്ഷിച്ചു തുടങ്ങിയപ്പോൾ അവർ നിലവി

ളിച്ചു. ദൈവപുത്രാ പാത്രത്തിൽ മരണം പതിയിരിക്കുന്നു. ഏലീഷ പറഞ്ഞു. കുറച്ചു മാവ് കൊണ്ടുവരുക അവൻ മാവ് പാത്രത്തിൽ ഇട്ടതിനു ശേഷം പറഞ്ഞു : ഇനി വിളമ്പി ഭക്ഷിക്കാം. അപകടം നീങ്ങിയിരിക്കുന്നു. ഒരു പിടി ഉപ്പും, മാവും പ്രാർത്ഥിച്ച് പ്രകൃതിയിൽ ഇട്ടു. മരണം, രോഗം വിട്ടുപോയി.

കോലാടുകളുടെയും കാളക്കിടാങ്ങളുടെയും രക്തം തളിക്കുന്നതും പശുക്കിടാവിന്റെ ഭസ്മം വിതറുന്നതും അശുദ്ധരെ ശാരീരികമായി ശുദ്ധീകരിക്കുന്നു. എങ്കിൽ നിത്യാത്മാവു മൂലം കളങ്കമില്ലാതെ ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്തകരണത്തെ നിർജീവപ്രവൃത്തികളിൽ നിന്ന് എത്രയധികമായി വിശുദ്ധീകരിക്കുയില്ല. (ഹെബ്രാ: 9:1314) യേശുവിന്റെ രക്തം നമ്മെ വിശുദ്ധീകരിക്കുന്നു. പൈശാചിക ബന്ധനങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുന്നു. സൗഖ്യം ലഭിക്കുന്നു. ആബേലിന്റെ രക്തത്തെക്കാൾ ശ്രേഷ്ഠമായവ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തത്തിലേക്കാണ് നിങ്ങൾ വന്നിരിക്കുന്നത് (ഹെബ്രാ : 12:24) യേശുവിന്റെ തിരുമുറിവിനാൽ നമുക്ക് സൗഖ്യം ലഭിക്കും. 1 പത്രോ: 1:18–19 പിതാക്കന്മാരിൽ നിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തം കൊണ്ടത്രേ യേശുവിന്റെ ചിന്തപ്പെട്ട രക്തത്തിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഇതുവഴി നമുക്ക് കൃപയും സമാധാനവും സമൃദ്ധമായി ലഭിക്കുന്നു. (1 പത്രോ: 1: 1).

ഈ കാലഘട്ടത്തിൽ നമുക്ക് ചെയ്യാനുള്ളത് മൂന്നു കാര്യങ്ങൾ.

1. യേശുക്രിസ്തുവുമായി മുറിയാത്ത ബന്ധം ഉണ്ടാക്കുക.
2. പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി വാദിക്കാൻ യേശുവുണ്ട് എന്ന് വിശ്വസിക്കുക.
3. യേശുവിന്റെ തിരുരക്തം നമ്മെ ശുദ്ധീകരിക്കുന്നു. സൗഖ്യപ്പെടുത്തുന്നു.

പുറപ്പാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിയിൽ മുദ്ര ചെയ്യണം. സംഹാരദൂതൻ ആ വീട്ടിൽ പ്രവേശിക്കുകയില്ല. അവിടെ ഒന്നും സംഭവിക്കുകയില്ല. കോവിഡ് രണ്ടാമൂഴം പിടിമുറക്കുമ്പോൾ യേശുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം. യേശുവിന്റെ തിരുരക്തം നമ്മെ സംരക്ഷിക്കട്ടെ, സൗഖ്യം തരട്ടെ, ഏവർക്കും സുരക്ഷിതമായ ഒരു ഭാവിയും ആരോഗ്യമുള്ള ശരീരവും കരുണയുള്ള ഒരു മനസ്സും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. തോമസ് കാവുങ്കൽ**
വികാരി



# Being Human

Emmanel Levinas was a French Jewish philosopher. The philosophy of 'Face' was developed by him. In his writings he says that face is not just a physical appearance, nor an object to for the experiences of the senses to explain its qualities, colour of the eyes, size of the nose etc. But it is something that calls us to be aware of an insurmountable responsibility, face speaks to us and it also invites us to make a relationship – a relationship of mutual responsibility. So 'being human is to be responsible for the other'. It is a face - to-face encounter with your neighbour, who needs help from you.

During the Christmas season, Mother Theresa was collecting cake from a bakery to distribute in her orphanages, old age homes, and shelter homes. At the time of packing, she noticed that one little boy with folded hands looking at the cakes. Mother Theresa, taking a cake from the pack, walked up to the boy and giving to him, asked what he was doing then. The boy answered that he had heard that cakes are shared on Christmas season to commemorate the birthday of Lord Jesus Christ and I was therefore to Jesus to get an opportunity for him to get a piece of cake since his parents could not afford to buy even rice for him. May be this is the thought of a little child. Even though it teaches us how we should act towards the needs of the other.

When we are passing through the life of Jesus, we can also see this type of face - to - face encounter in his day - to - day life. He was always with the poor and needy. He spent most of his time with sinners and tax collectors. He was a man who touched the hearts of many. Encounter with the Samaritan woman is the most beautiful example for this face - to- face encounter. In this pandemic situation, let's try to extend our hands towards the poor and the needy. So many people are suffering among us. We too can be good people. We should be able to see the face of God in every person we meet. By seeing the face of the other person helps us to understand that;

1. to be aware the true meaning of being a human and a human being
2. to love others as you love yourself and be responsible for others
3. to be sensitive always to the needs and feelings of others

Let's join together in prayer during this pandemic period. May Almighty God bless each one of you abundantly.

**Fr. Jeevan Poruthur CMI**
Asst. Vicar

# ഇടവക വാർത്തകൾ

**തിരുഹൃദയ മാസം**

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകം സമർപ്പിക്കപ്പെട്ട മാസമാണല്ലോ. ഈ മാസം മുഴുവനും തിരുഹൃദയ പ്രതിഷ്ഠാജപം കുടുംബപ്രാർത്ഥനയോടൊപ്പം ചൊല്ലാൻ മടികാണിക്കരുതേ. നമ്മുടെ സ്ഥാപനങ്ങളെയും, തൊഴിലിനേയും, കൃഷിഭൂമിയേയും വരുമാന മാർഗ്ഗങ്ങളെയും തിരുഹൃദയത്തിന് സമർപ്പിച്ച് നമുക്ക് അനുഗ്രഹം പ്രാപിക്കാം.


**വീടുവെഞ്ചിരിപ്പും പുതിയ കുടുംബക്കാർഡും**

ജൂൺ മാസം വീടുവെഞ്ചിരിപ്പ് നടത്തേണ്ട മാസമാണല്ലോ. കോവിഡിന്റെ ഈ പശ്ചാത്തലത്തിൽ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. വീടുവെഞ്ചിരിപ്പിനു വരുമ്പോൾ പുതിയ കുടുംബകാർഡുകൾ നൽകപ്പെടുന്നതാണ്. കുടുംബക്കാർഡുകൾ ഇല്ലാത്തവരും, പുതിയതായി ഇടവകയിൽ ചേരാൻ ആഗ്രഹിക്കുന്നവരും കുടുംബക്കാർഡിൽ ഏതെങ്കിലും വിവരങ്ങൾ കൂടുതലായി നൽകാനുള്ളവരും അറിയിക്കുക. വീടും പരിസരവും വൃത്തിയാക്കണേ. വരിസംഖ്യ, തിരുഹൃദയ രൂപം, സമ്പൂർണ്ണ ബൈബിൾ എന്നിവ ഒരുക്കിവയ്ക്കുമല്ലോ. വെഞ്ചിരിപ്പു സമയത്ത് കുടുംബാംഗങ്ങൾ എല്ലാവരും ഉണ്ടായിരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഈശോയുടെ തിരുഹൃദയമേ ഞങ്ങളെ കാത്തുപരിപാലിക്കണമേ.

**നാമഹേതുക തിരുനാൾ മംഗളങ്ങൾ കൊച്ചച്ചനും യൂണിറ്റിനും.**

ജൂൺ 13-ാം തിയ്യതി പാദുവായിലെ വി. അന്തോണിസിന്റെ തിരുനാൾ ആണല്ലോ നമ്മുടെ ഇടവകയിലെ കൊച്ചച്ചൻ ഫാ. ജീവൻ പൊറത്തൂർ CMI അച്ചൻ തന്റെ നാമഹേതുകതിരുനാൾ ആഘോഷിക്കുന്നു. അച്ചനു വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യാം. സെന്റ് ആന്റണിസ് യൂണിറ്റ് അംഗങ്ങൾ യൂണിറ്റ് മദ്ധ്യസ്ഥന്റെ തിരുനാൾ ആചരിക്കുന്നു. യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും, ആന്റണി നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ നേരുന്നു.

**നിത്യവ്രതവാഗ്ദാനം - പ്രാർത്ഥനാശംസകൾ**



സെന്റ് ജോർജ്ജ് കുടുംബയൂണിറ്റ് അംഗവും നെന്മാണിക്കര ആന്റണി + ഗ്രേസി ആന്റണി മകൾ സി. ഗ്രേസ് ആന്റണി FCC ഏപ്രിൽ 29-ാം തിയ്യതി ആലുവ ജനറലേറ്റിൽ വച്ച് നിത്യവ്രത വാഗ്ദാനം ചെയ്തു. ഇടവകയുടെ അഭിനന്ദനവും പ്രാർത്ഥനാശംസകളും.

**അഭിവന്ദ്യപിതാവിനും കുടുംബയൂണിറ്റുകൾക്കും തിരുനാൾ മംഗളങ്ങൾ**

ജൂൺ 29-ാം തിയ്യതി നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട പിതാവ് നാമഹേതുകതിരുനാൾ ആഘോഷിക്കുകയാണല്ലോ. ഒപ്പം തന്നെ നമ്മുടെ ഇടവകയിലെ സെന്റ് പോൾ, സെന്റ് പീറ്റർ കുടുംബയൂണിറ്റുകൾ അവരുടെ യൂണിറ്റ് മദ്ധ്യസ്ഥരുടെ തിരുനാൾ ആചരിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ വളരെ ലളിതമായി തിരുനാളുകൾ ആചരിക്കാം. അഭിവന്ദ്യപിതാവിനും സെന്റ് പോൾ, സെന്റ് പീറ്റർ കുടുംബയൂണിറ്റികൾക്കും എല്ലാ പോൾ, പീറ്റർ നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ...

**മനുഷ്യൻ ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ, വാക്കു കൊണ്ടാണ് ജീവിക്കുന്നത്.**

കോവിഡ് രണ്ടാം തരംഗം അതിരൂക്ഷമാകുമ്പോൾ ഈ നാടിനെ രക്ഷിക്കാൻ ദൈവവചനത്തിനു മാത്രമേ സാധിക്കൂ. ഇടവകയിലെ മാതൃവേദി പിതൃവേദി, SMYM, സിസ്റ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ ബൈബിൾ മുഴുവനും പകർത്തി എഴുതി വചനം ഉപയോഗിച്ച് ഈ കാലഘട്ടത്തെ നേരിടാനും ശക്തിപ്പെടുത്താനും തീരുമാനിക്കുകയും അങ്ങനെ ഇടവകയിലെ മുഴുവൻ കുടുംബങ്ങളും വചനം എഴുതുന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുയും ചെയ്തു. ഇതിന് നേതൃത്വം നല്കിയ എല്ലാവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥാശംസകളും തുടർന്നും വചനം പഠിക്കുകയും ജീവിക്കുകയും ചെയ്യാം....

**തൊഴിലാളി ദിനം ആചരിച്ചു**

മെയ് 1-ാം തിയ്യതി രാവിലെ 5.30 മുതൽ 6.00 മണി വരെ തൊഴിലാളികളെയും തൊഴിൽ സ്ഥാപനങ്ങളെയും സമർപ്പിച്ച് ആരാധന നടത്തി. തുടർന്ന് ആഘോഷമായ വി. കുർബാനയും, വി. യൗസേപ്പിതാവിന്റെ തൊഴിലാളി ദിനപ്രാർത്ഥനയും നടത്തി. വി. യൗസേപ്പിതാവേ, ഈ കൊറോണ കാലഘട്ടത്തിൽ ഞങ്ങൾക്കായി മാദ്ധ്യസ്ഥം വഹിക്കണമേ.

**കൊറോണക്കെതിരേ ആരാധന, ജപമാല, കുരിശിന്റെ വഴി**

കോവിഡ് രണ്ടാം ഘട്ടം രൂക്ഷമാകുമ്പോൾ ഇടവകയിൽ ആരാധനയും ജപമാലയും കുരിശിന്റെ വഴിയും മെയ് മാസം മുഴുവൻ നടത്തുകയുണ്ടായി. കൂടാതെ ഭവനങ്ങളിൽ കുടുംബയൂണിറ്റുകൾ അഖണ്ഡ ജപമാലയും നടത്തി. ഇനിയും ദൈവകരുണക്കായി പ്രാർത്ഥിക്കാം. ദൈവം ഏവരേയും ഈ മഹാമാരിയിൽ നിന്നും കാത്തുസംരക്ഷിക്കട്ടെ.

**കപ്പേള തിരുനാൾ - സെന്റ് ജോർജ്ജ് യൂണിറ്റ്**

ജൂബിലിസ്മാരക കപ്പേളയിൽ വി. ഗീവർഗ്ഗീസിന്റെ തിരുനാളും സെന്റ്

ജോർജ്ജ് യൂണിറ്റ് അവരുടെ യൂണിറ്റ് മദ്ധ്യസ്ഥന്റെ തിരുനാളും ഏപ്രിൽ 24-ാം തിയ്യതി ആചരിച്ചു. യൂണിറ്റ് അംഗങ്ങൾ കാഴ്ചസമർപ്പണം നടത്തി, വി. കുർബാനയ്ക്കുശേഷം നേർച്ച വിതരണം ചെയ്തു; കുടുംബങ്ങളിൽ നേർച്ച എത്തിച്ചു കൊടുക്കുയും ചെയ്തു. യൂണിറ്റ് അംഗങ്ങൾക്ക് തിരുനാൾ ആശംസയും ഭാരവാഹികൾക്ക് നന്ദിയും രേഖപ്പെടുത്തുന്നു.

**കരുണയുടെ കരങ്ങൾ**

ഇടവകയിൽ കോവിഡ് കാലഘട്ടത്തെ നേരിടുവാൻ കൈക്കാരന്മാർ, പിതൃവേദി, മാതൃവേദി, യുവജനവേദി, കുടുംബയൂണിറ്റ് ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ ഒരു ടീം പ്രവർത്തിക്കുന്നു.. ഭക്ഷണത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾ മെഡിക്കൽ സഹായം ആവശ്യമുള്ളവർ എന്നിവരെ സഹായിക്കുക, ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 4.00 മണി വരെ പ്രാർത്ഥിക്കുക; ഇതിന് സന്നദ്ധരായവരെ പ്രത്യേകം ക്ഷണിക്കുന്നു. ഭക്ഷണകിറ്റുകൾ ആവശ്യമുള്ളവർ കൈക്കാരന്മാരേയോ. പള്ളിയിലോ അറിയിക്കുക. ആവശ്യമായ സഹായങ്ങൾ ചെയ്തു തരുന്നതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

**സംഘടനകൾക്കും യൂണിറ്റുകൾക്കും നന്ദി**

ഈ വർഷത്തെ കണക്കുകൾ മെയ് മാസം തന്നെ ഓഡിറ്റിനായി നല്കിയ പിതൃവേദി, മാതൃവേദി, SMYM, CML, കുടുംബയൂണിറ്റുകൾ എന്നിവയ്ക്കു പ്രത്യേകം നന്ദി പറയുന്നു. എല്ലാവരും തുടർന്ന് ഒരുമയോടെ പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

**അഭിനന്ദനങ്ങൾ**

പിതൃവേദിയുടെ രൂപതാ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. E.R ജോർജ്ജ്, ഗാന്ധിപുരം ഫൊറോന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. A.G. ഷാജുവിനും ഇടവകയുടെയും പിതൃവേദിയുടെയും അഭിനന്ദനങ്ങൾ.

**നന്ദിയുടെ നറുമലരുകൾ**

ഈ വർഷത്തെ വലിയ ആഴ്ച മനോഹരമാക്കിയ എല്ലാവർക്കും നന്ദി. നോമ്പുകാലത്യാഗാർപ്പണചെപ്പ് എത്തിച്ച എല്ലാ കുടുംബങ്ങൾക്കും കാൽകഴുകൽ ശുശ്രൂഷയിൽ പങ്കെടുത്തവർക്കും, ദുഃഖവെള്ളിയാഴ്ച നിശ്ചലദൃശ്യം ഒരുക്കുകയും ഉയർപ്പ്ദൃശ്യങ്ങൾ പുനഃരാവിഷ്കരിക്കുകയും ചെയ്ത SMYM നും പെസഹവ്യാഴാഴ്ച ആരാധനയ്ക്ക് നേതൃത്വം കൊടുത്ത കുടുംബയൂണിറ്റുകൾ, സംഘടനകൾ, ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ അവരെ ഒരുക്കിയ വിശ്വാസപരിശീലകർ വലിയ ആഴ്ച

യിലെ ഒരുക്കത്തിനായി പള്ളി വൃത്തിയാക്കിയ മാതൃവേദി സംഘടന, ഓരോ ദിവസവും അൾത്താര അലങ്കരിച്ച ബഹു. സിസ്റ്റേഴ്സ്, പൂക്കൾ സ്പോൺസർ ചെയ്തവർ, കപ്യാർമാർ, ഗായകസംഘം, അൾത്താരസം ഘം, വിശുദ്ധവാര തിരുക്കർമ്മങ്ങൾ Live stream ന് നേതൃത്വം നല്കിയ ശ്രീ. തോമസ് പ്രഭു, ജിനോയ് ജെയിംസ് എന്നിവർക്കും ഈസ്റ്റർ നോമ്പു വീടലിൽ നേതൃത്വം കൊടുത്ത പിതൃവേദിക്കും ദുഃഖവെള്ളി, ഈസ്റ്റർ ദിനങ്ങളിൽ സ്പോൺസർ ചെയ്തവർ, കൈക്കാരന്മാർക്കും പ്രത്യേകം നന്ദിയും അനുമോദനവും തുടർന്നും നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.

**മാതാവിന്റെ വിമലഹൃദയ തിരുനാൾ**

ജൂൺ 12-ാം തിയ്യതി ശനിയാഴ്ച മാതാവിന്റെ വിമലഹൃദയതിരുനാൾ ആചരിക്കുകയാണല്ലോ. ഈ കോവിഡ് കാലഘട്ടത്തിൽ മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിച്ച് നമുക്കു പ്രാർത്ഥിക്കാം.

**ദുക്റാന തിരുനാൾ – ജൂലൈ –3**

ജൂലൈ മൂന്നാം തിയ്യതി മാർത്തോമ്മ ശ്ലീഹയുടെ തിരുനാൾ ആണ ല്ലോ. ഇടവകയിലെ സെന്റ് തോമസ് യൂണിറ്റ് അവരുടെ യൂണിറ്റ് മദ്ധ്യ സ്ഥന്റെ തിരുനാൾ ആഘോഷിക്കുന്നു. വി. തോമാശ്ലീഹയെപോലെ മിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയാം. സെന്റ് തോമസ് യൂണിറ്റിനും എല്ലാ, തോമസ് നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ. കടമുള്ള ദിവസമാണ്; വി. കുർബാനയിൽ പങ്കെടുക്കണേ.

**നാമഹേതുകതിരുനാൾ**

വി. തോമാശ്ലീഹയുടെ നാമം സ്വീകരിച്ച് ജൂലൈ 3-ാം തിയ്യതി നാമഹേ തുക തിരുനാൾ ആചരിക്കുന്ന ഇടവക വികാരി ബഹു. തോമസ് കാവുങ്കൽ അച്ചന് ഇടവക സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

**കർമ്മലമാതാവിന്റെ തിരുനാൾ – ജൂലൈ 16**

ജൂലൈ 16-ാം തിയ്യതി കർമ്മലമാതാവിന്റെ തിരുനാൾ നാം ആചരിക്കു കയാണല്ലോ. ഭാഗ്യവതിയായ മറിയം ഈ കാലഘട്ടത്തിൽ നമുക്ക് തുണയും സങ്കേതവുമായിരിക്കട്ടെ.

**നാമഹേതുക തിരുനാൾ മംഗളങ്ങൾ**

ജൂലൈ 25-ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിക്കുക നമ്മുടെ മാതൃരൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന് തിരുനാൾ മംഗളങ്ങൾ നേരുന്നു. പ്രാർത്ഥനകൾ ആശംസിക്കുന്നു.

**വി. അൽഫോൻസാമ്മയുടെ തിരുനാൾ**

ജൂലൈ 28-ാം തിയ്യതി ബുധനാഴ്ച വി. അൽഫോൻസാമ്മയുടെ തിരു നാൾ ആചരിക്കുകയാണല്ലോ. അന്നേ ദിവസം യൂണിറ്റ് മദ്ധ്യസ്ഥന്റെ

തിരുനാൾആ ചരിക്കുന്നെ സന്റ് അൽഫോൻസായ ൂണിറ്റിനുംഎ ല്ലാ അൽഫോൻസ നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

**പതിനഞ്ചു നോമ്പാരംഭം**

ആഗസ്റ്റ് ഒന്നാം തിയ്യതി മുതൽ 15–ാം തിയ്യതി വരെ 15 നോമ്പ് ആചരിക്കുകയാണല്ലോ. പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിനായി നമുക്ക് ഒരുങ്ങാം. സാധിക്കുന്നവർ നോമ്പെടുത്ത് പ്രാർത്ഥിക്കുമല്ലോ.

**വിശ്വാസപരിശീലന വർഷാരംഭം**

ജൂൺ മാസം വിശ്വാസപരിശീലനം ആരംഭിക്കുകയാണല്ലോ. കോവിഡ് രണ്ടാം തരംഗം രൂക്ഷമാകുമ്പോൾ ഈ വർഷം സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലനം ഓൺലൈനായി നടത്തപ്പെടുന്നു. ശാലോം, ഗുഡ്നെസ്സ്, ഷെയ്ക്കെന ടെലിവിഷൻ ചാനലിലൂടെ സംപ്രേക്ഷണം ചെയ്യപ്പെടുന്നു. കുട്ടികളെ ഞായറാഴ്ചകളിൽ വി. കുർബാനയിലും വിശ്വാസപരിശീലന ക്ലാസ്സുകളിലും പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ഇടവക ദൈവാലയത്തിലെ വി. കുർബാനയിൽത്തന്നെ എല്ലാവരും (ഓൺലൈൻ അല്ലെങ്കിൽ ദൈവാലയത്തിൽ) പങ്കെടുക്കണം.

**PATRIS CORDE – പിതൃഹൃദയത്തോടെ**

ഇടവകയിൽ വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് വിശ്വാസപരിശീലന വിഭാഗം 'നിഴൽ' എന്ന പ്രോഗ്രാം വളരെ ഭംഗിയായി സംപ്രേക്ഷണം ചെയ്തു. ഇതിനു നേതൃത്വം വഹിച്ച എല്ലാ വിശ്വാസപരിശീലകർക്ക് പ്രത്യേകിച്ച് സി. തെരേസ് ജോൺ, ശ്രീമതി. അനുജ വിൻസെന്റ്, ശ്രീമതി. ദീപ ബിജു, ശ്രീമതി അജിമോൾ ആന്റണി ഷൂട്ടിംങ് ഭംഗിയായി നിർവ്വഹിച്ച ശ്രീ. തോമസ് പ്രഭു കുണ്ടുകുളങ്ങര, ആന്റോ കെ. തോമസ്, എഡിറ്റിംഗ് നിർവ്വഹിച്ച ശ്രീ. റോബിൻ ജോണി എന്നിവർക്കും പങ്കെടുത്ത കുട്ടികൾക്കും, പിതൃവേദിക്കും ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച ഏവർക്കും അനുമോദനങ്ങൾ....

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

വിശ്വാസപരിശീലകർക്കായി നടത്തപ്പെട്ട സ്കൊളാസ്റ്റിക് ടെസ്റ്റിൽ ശ്രീമതി. ദീപ ബിജു രൂപതാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി ഇടവകയുടെയും വിശ്വാസപരിശീലന വിഭാഗത്തിന്റെയും അഭിനന്ദനങ്ങൾ...



## Canticles of  Lourde

വി.യ ൗസേപ്പിതാവിന്റെവ ർഷം,ക ുടുംബവർഷവുംഅ നുബന്ധിച്ച് **Lourde Forane Church** ഇടവകാംഗങ്ങൾക്കായി ജൂൺ മാസം മുതൽ മാർച്ച് 19 വരെ, 10 മാസങ്ങളിലായി വിവിധ മത്സരങ്ങൾ നടത്തുന്നു.

- വിത്യസ്തയാർന്ന മത്സരങ്ങൾ
- 12 യൂണിറ്റുകൾ
- 355 കുടുംബങ്ങൾ

യൂണിറ്റ് തലത്തിലും, വ്യക്തിഗത തലത്തിലും, കുടുംബതലത്തിലും സമ്മാനങ്ങൾ......

മത്സരങ്ങളിൽ പങ്കെടുക്കുക... വിജയികളാകുക..
സമ്മാനങ്ങൾ നേടുക...

### Challenge : 1

**1. CREDO 33** (കുടുംബതലം)

- ഈ Covid കാലഘട്ടത്തിൽ ഈശോയൊടൊപ്പമായിരിക്കുവാൻ....
- മറന്ന് പോയ നമസ്കാരങ്ങളും/ പ്രാർത്ഥനകളും ഓർത്തെടുക്കുവാൻ ജൂൺ മാസം മുതൽ നിങ്ങൾക്കും ഒരവസരം.....
- മത്സരം തുടങ്ങുന്ന ദിവസം അറിയിക്കുന്നതാണ്.
- **33 ദിവസങ്ങൾ 33 നമസ്ക്കാരങ്ങൾ**
- കുടുംബത്തിലെ എല്ലാ അംഗങ്ങളും മത്സരത്തിൽ പങ്കെടുക്കണം
- 33 ദിവസങ്ങൾക്കു ശേഷം ജൂലൈ മാസത്തിൽ പള്ളിയിൽ നിന്നു അറിയിക്കുന്ന ഏതെങ്കിലും ഒരു ദിവസം Online വഴിയേ, പള്ളിയിൽ വന്നോ മത്സര വിധികർത്താകളെ, വിധികർത്താകൾ പറയുന്ന നമസ്കരങ്ങൾ കുടുംബത്തിലെ എല്ലാ അംഗങ്ങളും ചൊല്ലി കേൾപ്പിക്കുക.
- ഒരു യൂണിറ്റിൽ നിന്നും മൂന്നോ അതിൽ കുറവോ കുടുംബങ്ങൾ മാത്രമേ മത്സരിക്കാൻ ഉള്ളൂ എങ്കിൽ ഒന്നാം സ്ഥാനം മാത്രമേ ഉണ്ടാകൂ.
- 4 കുടുംബങ്ങൽ മത്സരിക്കാൻ ഉണ്ടെങ്കിൽ
  1, 2 സ്ഥാനക്കാർ സമ്മാനർഹരാകും.

**പഠിക്കേണ്ട നമസ്ക്കാരങ്ങൾ**

ജൂൺ 1 കുരിശടയാളം (The sign of the Cross), ത്രിത്വസ്തുതി (Glory Be), സ്വർഗ്ഗസ്ഥനായ (Our Father), നന്മനിറഞ്ഞ മറിയമേ (Hail Mary), വിശ്വാസ പ്രമാണം (Apostle's Creed), കുമ്പസാരത്തിനുള്ള ജപം (I Confess), ത്രിസന്ധ്യാജപം (The Angelus), സാധാരണ ജപം (For

Ordinary Days), വിശുദ്ധവാര (Holy Week), പെസഹക്കാല (Reginacodi), പരിശുദ്ധ രാജ്ഞി (Hail Holy Queen), ദൈവകല്പനകൾ (Ten Commandments), തിരുസഭയുടെ കല്പനകൾ 5 (The five Precepts of the Church), കൂദാശകൾ 7 (The Seven Sacraments), നല്ല കുമ്പസാര ത്തിനു വേണ്ട കാര്യങ്ങൾ 5 (Requisitus for a good confression), പരിശുദ്ധ കുർബാന യോഗത്യയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ 3 (Requisitus), വിശ്വാസം പ്രകരണം (Act of Faith), സ്നേഹം പ്രകരണം (Act of Love), പ്രത്യാശ പ്രകരണം (Act of Hope), അസ്താപ പ്രകരണം (Act of Contrition), കാരുണ്യ പ്രവർത്തികൾ 14 (14 works of Mercy), മനുഷ്യന്റെ അന്ത്യങ്ങൾ നാല് (4 Destinies of Man), വിശ്വാസത്തിന്റെ തലപെട്ട രഹസ്യങ്ങൾ രണ്ട് (The Chief Mystries of Faith), ദൈവത്തിന്റെ പ്രധാന ലക്ഷണങ്ങൾ  (6 main attributes of God), മൂല പാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും (The Seven capital sins and the Virtues opposed to them), തലപ്പെട്ട നന്മപ്രവൃത്തികൾ (The 3 main Religious virtues), ദൈവീക പുണ്യങ്ങൾ (The 3 Theological virtues), മൗലീക സുകൃതങ്ങൾ (Four Cardinal Virtues), ദൈവ സന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ (The four sins crying to heaven for vengeance), സുവിശേഷത്തിലെ വിശിഷ്ട ഉപദേശങ്ങൾ (The 3 evangelical counsels), സുവിശേഷ ഭാഗ്യങ്ങൾ (The Beatitudes), പരിശുദ്ധത്മാവിന്റെ മാനങ്ങൾ (7 gifts of Holy Spirit), പരിശുദ്ധത്മാവിന്റെ ഫലങ്ങൾ (Fruits of the Spirit), പരിശുദ്ധത്മാവിന് എതിരായ പാപങ്ങൾ (Sin against the Holy Spirit), തിരുസഭയുടെ പ്രധാന ലക്ഷണങ്ങൾ (Four Characteristics of the Church), എത്രയും ദയയുള്ള മാതാവേ (Prayer of St. Bernard).

**NB:**

- പങ്കെടുക്കുന്ന ആദ്യത്തെ 10 കുടുംബങ്ങൾക്ക് പ്രോത്സാന സമ്മനങ്ങൾ ഉണ്ടായിരിക്കും.
- ഈ 33 നമസ്ക്കാരങ്ങളിൽ നിന്നും ഏതു നമസ്ക്കാരം വേണമെങ്കിൽ ചെയ്യുവാൻ  വിധികർത്തകൾക്ക് ആവശ്യപ്പെടാം.

– ജൂൺ 28 നു മുമ്പായി മത്സരിക്കുന്നവർ വികാരിയച്ചന്റെ കൈയ്യിൽ പേര് നൽക്കേണ്ടതാണ്.
– മത്സരാർത്ഥികൾക്ക് Malayalam/ English/ Tamil ഭാഷകളിൽ ഇഷ്ടമുള്ള ഭാഷ തിരഞ്ഞെടുക്കാം.
– വിധികർത്താകളുടെ തിരുമാനം അന്തിമമായിരിക്കും.

**Reference**

- for English :- Little Catechism
- for Malayalam :- വേദോപദേശം സംക്ഷേപം

online :-https://www.smsmartcatechism.org എന്ന web page ൽ extras എന്ന Options ൽ Click ചെയ്താൽ Little catechism Download ചെയ്യാം.

**Challenge : 2**

**'Talithakoum' :- ബൈബിൾ പാരായണം** (കുടുംബതലം)

ബാലികേ എഴുന്നേൽക്കുക.

തമസിനു കോട്ടകൾ തകർത്തീടാൻ വചനത്തെ മുറുകെപ്പിടിച്ച്, പ്രതീക്ഷയുടെ പ്രതീകങ്ങളായി മാറുവാൻ **Lourde Forane Church** ഒരുക്കുന്നു **സമ്പൂർണ്ണ ബൈബിൾ പാരായണം.**

73 പുസ്തകങ്ങൾ – 1334 അദ്ധ്യായങ്ങൾ

**നിബന്ധനകൾ**

* കുടുംബത്തിലെ എല്ലാ അംഗങ്ങളും മത്സരത്തിൽ പങ്കെടുക്കണം **(വിദേശത്തുള്ള അംഗങ്ങൾ ഉൽപ്പടെ)**
* **കുടുംബത്തിലെ 8 വയസ്സിനും മുകളിലുള്ള എല്ലാ അംഗങ്ങളും** നിർബന്ധമായും പങ്കെടുക്കണം പങ്കെടുക്കുന്നില്ലെങ്കിൽ കുടുംബത്തെ Disqualify ചെയ്യുന്നതായിരിക്കും.
* മത്സരത്തിൽ പങ്കെടുക്കുന്ന കുടുംബാംഗങ്ങൾക്കിടയിൽ, വായിക്കാൻ സാധിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ, അവർ **ബൈബിൾ കേട്ടാലും മതി.**
* കുടുംബത്തിലെ എല്ലാ അംഗങ്ങളും പ്രായത്തിനനുപാതമായി ഭാഗങ്ങൾ വീതിച്ച് വായിക്കണം.
* കുടുംബത്തിലെ അംഗങ്ങളുടെ എണ്ണമനുസരിച്ച്, മത്സരം അവസാനിക്കുന്ന ദിവസങ്ങളുടെ എണ്ണത്തിലും വിത്യാസമുണ്ടായിരിക്കും.

a) കുടുംബത്തിൽ 8 വയസ്സിനു മുകളിൽ 5 ൽ കൂടുതൽ അംഗങ്ങൾ

ഉണ്ടെങ്കിൽ 25 ദിവസത്തിനുള്ളിൽ ബൈബിൾ പാരായണം പൂർത്തിയാക്കണം.

b) 4 അംഗങ്ങളുള്ള കുടുംബങ്ങൾ 35 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണം.

c) 3 അംഗങ്ങൾക്ക് 45 ദിവസം

d) 2 കുടുംബാംഗങ്ങൾക്ക് 60 ദിവസം

e) ഒരാൾ മാത്രമാണ് ഉള്ളതെങ്കിൽ 75 ദിവസം

- ജൂലൈ 1 മുതൽ തുടങ്ങുന്ന ഈ മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ജൂൺ 25 നു മുമ്പായി വികാരിയച്ചന്റെ കൈവശം പേരുകൾ നൽകേണ്ടതാണ്.

**NB: മത്സരിക്കുന്ന കുടുംബാംഗങ്ങൾ ഓരോ ദിവസവും വായിക്കുന്ന അദ്ധ്യായങ്ങളുടെ എണ്ണം കുടുംബനാഥന്റെ പേര് , കുടുംബനാഥ, മക്കൾ എന്നീ ക്രമത്തിൽ രേഖപ്പെടുത്തി വായിക്കേണ്ടതാണ്.**

- Language :- English, Malayalam, Tamil, Hindi (സമ്പൂർണ്ണ ബൈബിൾ, (POC), NRSV, RSV

- വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**Challenge : 3**

**ആ മനുഷ്യൻ നീ തന്നെ – Skit** (കുടുംബതലം)

Theme :- **10 ദൈവകല്പനകൾ**

Time :- **7–9 minutes**

- **No Costume**
  **No Make up, No recorded Dialogue/ Music**
- 10 ദൈവകല്പനകളിൽ ഏതെങ്കിലും ഒരു കല്പനയെ കുറിച്ചായിരിക്കണം Skit, develop ചെയ്യേണ്ടത്.
- **August മാസത്തിലാണ് മത്സരം നടക്കുന്നത്.**
- Mobile ൽ H.D Quality യിൽ record ചെയ്ത Skit, Google Drive വഴി, Lourde Voice ന്റെ mail ID യിലേക്ക് share ചെയ്യുക.
- ID lourdevoicegandhipuram@gmail.com

**NB:** – മത്സരിക്കുന്ന കുടുംബത്തിലെ എല്ലാ അംഗങ്ങളും Skit ൽ അഭിനയിക്കേണ്ടതാണ്.

**–S kit അയക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 29 – 2021**

– വിധികർത്താകളുടെ തീരുമാനം അന്തിമമായിരിക്കും.

**നാമഹേതുകതിരുനാൾ**

ജൂൺ 29–ാം തിയ്യതി നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന പാലക്കാട് രൂപതയുടെ സഹായമെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് തിരുനാൾ മംഗളങ്ങൾ നേരുന്നു.

**ആന്റോ അച്ചന് യാത്രമൊഴി**

കോയമ്പത്തൂർ ഡിവൈൻ ധ്യാന ഇല്ലം ഡയറക്ടർ നമ്മുടെ ഇടവകയുമായി സുഹൃത്ത് ബന്ധം പുലർത്തിയിരിക്കുന്ന (റവ. ഫാ. ആന്റോ കണ്ണമ്പുഴ V.C) ആന്റോ അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. അച്ചന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം.

**കോവിഡ് രണ്ടാംഘട്ട കാരുണ്യപ്രവൃത്തികൾ**

Food kit

ഇടവകയിലെ 75 കുടുംബങ്ങൾക്ക് 700 രൂപ വില വരുന്ന ഭക്ഷ്യകിറ്റുകൾ നൽകി. ഇതിനു സഹായമെത്തിച്ച എല്ലാ നല്ലകരങ്ങൾക്കും ഇതു ഭംഗിയായി വിതരണം ചെയ്ത യൂണിറ്റ് ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**വിശപ്പ് അകറ്റി**

രണ്ടാംഘട്ട ലോക്ഡൗൺ നീട്ടിയ സാഹചര്യത്തിൽ ഭക്ഷണമില്ലാതെ ബുദ്ധിമുട്ടനുഭവിച്ച് റോഡരികിൽ കഴിയുന്നവർക്ക് മെയ് 31 –ാം തിയ്യതി ഭക്ഷണപ്പൊതികൾ നല്കി. ഇതിനു സഹകരിച്ച എല്ലാർക്കും നന്ദി.

**കോവിഡ് സെന്റർ**

കോവിഡ് കെയർ സെന്ററാക്കിയിരിക്കുന്ന വിമൽ ജ്യോതി ഹോസ്പിറ്റലിലെ രോഗികൾക്ക് ഒരാഴ്ചയ്ക്ക് ആവശ്യമായ മുട്ട വിതരണം ചെയ്തു.

**മെഡിക്കൽ സഹായം**

മെഡിക്കൽ സഹായം അഭ്യർത്ഥിച്ചു വന്ന 5 കുടുംബങ്ങൾക്ക് മെഡിക്കൽ സഹായം നല്കി.

**സാമൂഹിക അടുക്കള**

കോയമ്പത്തൂർ പട്ടണത്തിൽ നടത്തപ്പെടുന്ന സാമൂഹിക അടുക്കളയിലേക്ക് ഭക്ഷ്യവസ്തുക്കൾ പോലീസ് ഉദ്യോഗസ്ഥൻ വഴി കൈമാറി.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ജൂൺ 2021**

01 വി. ജസ്റ്റിൻ
03 പരിശുദ്ധകുർബാനയുടെ തിരുനാൾ
04 ആദ്യവെള്ളി
08 വി. മറിയം ത്രേസ്യ
09 മാർ അപ്രേം
11 ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾ (Sacred Heart of Jesus) വി. ബർണ്ണബാസ് ശ്ലീഹ
12 മാതാവിന്റെ വിമലഹൃദയം (Immaculate Heart of Mary)
13 പാദുവായിലെ വി. അന്തോണീസ്
22 വി. തോമസ്മൂർ, വി. ജോൺ ഫിഷർ
24 വി. സ്നാപകയോഹന്നാന്റെ ജനനം
28 വി. ഇരണേവൂസ്
29 വി. പത്രോസും, വി. പൗലോസും (കടമുള്ള ദിവസം)

**ജൂലൈ**

02 ആദ്യവെള്ളി
03 നമ്മുടെ പിതാവായ മാർത്തോമ്മശ്ലീഹായുടെ ദുക്റാന തിരുനാൾ (കടമുള്ള ദിവസം)
11 വി. ബെനഡിക്ട് (പോപ്പ് എമിരിറ്റസ്, പരി. പിതാവ് ബെനഡിക്ട് 16 –ാമന്റെ നാമഹേതുക തിരുനാൾ)
15 വി. കുരിയാക്കോസും, വി. ജൂലിറ്റയും
16 പരി. കർമ്മലമാതാവ്
22 വി. മഗ്ദലന മറിയം
24 വി. യാക്കോബ് ശ്ലീഹ
26 വി. യോവാക്കിമും, വി. അന്നയും (പരി. അമ്മയുടെ മാതാപിതാക്കൾ)
26 വി. അൽഫോൻസ (രൂപതയുടെ ഉപമദ്ധ്യസ്ഥ)
29 വി. മർത്താ
31 വി. ഇഗ്നേഷ്യസ് ലയോള

**ആണ്ടുവട്ടത്തിലെ കടമുള്ള ദിവസങ്ങൾ**

| | |
|---|---|
| ഡിസംബർ 25 | – പിറവിതിരുനാൾ |
| ജനുവരി 6 | – ദനഹ തിരുനാൾ |
| ഉയിർപ്പ് ആറാം ഞായർ | കഴിഞ്ഞുവരുന്ന വ്യാഴം – കർത്താവിന്റെ സ്വർഗ്ഗരോഹണം |
| ജൂൺ 29 | – വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ |
| ജൂലൈ 3 | – മാർ തോമ്മാശ്ലീഹയുടെ ദുക്റാന തിരുനാൾ |
| ആഗസ്റ്റ് 15 | – പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗരോപണം |

# സംഘടനാവാർത്തകൾ

## പിതൃവേദി

### Easter സ്നേഹവിരുന്ന്

Easter കുർബാനയ്ക്കുശേഷം പിതൃവേദിയുടെ നേതൃത്വത്തിൽ നോമ്പു വീടലിന്റെ ഭാഗമായി സ്നേഹവിരുന്ന നടത്തുകയുണ്ടായി. ഇതിന് വേണ്ടിയുള്ള Food committie യിലെ അംഗങ്ങളായിരുന്ന P.D Babu, Antony Jacob, Babu Antony, K.V. Johnson എന്നിവർക്കും സാമ്പത്തികമായി സഹായിച്ച എല്ലാവർക്കും സ്നേഹവിരുന്നിന് സഹായങ്ങൾ ചെയ്ത മാതൃവേദിയിലെ അംഗങ്ങൾക്കും, മറ്റു സഹായങ്ങൾ നൽകിയ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

### Monthly Prayer

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് മാസത്തിലെ ആദ്യ ബുധാനാഴ്ചകളിൽ രാത്രി 8 മണിമുതൽ 9 മണി വരെ ഒരു മണിക്കൂർ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു. ഏകദേശം 50 ഓളം 'അപ്പന്മാർ' ഓരോ ആഴ്ചയും പ്രാർത്ഥനയിൽ പങ്കെടുക്കുകയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു പ്രാർത്ഥനയിൽ പങ്കെടുക്കുന്ന ഏവരും ലഘുഭക്ഷണത്തിനു ശേഷം പിരിഞ്ഞു പോകുന്നു.

### Bible എഴുത്ത്

ഈ കോവിഡ് ലോക്ക് ഡൗൺ കാലത്തെ ഒഴിവുവേളകൾ ഫലപ്രദമായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തൊടെയും, ദൈവീക വചനത്താൽ ജീവിതങ്ങളെ വിശുദ്ധീകരിക്കുകയെന്ന ലക്ഷ്യം മുൻനിറുത്തിയും പിതൃവേദിയിലെ 83 പേർ വിശുദ്ധ ഗ്രന്ഥത്തിലെ പുതിയ നിയമ ഭാഗം എഴുതുവാൻ തുടങ്ങിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## മാതൃവേദി

### മദ്ധ്യസ്ഥ പ്രാർത്ഥന

കോവിഡ് രണ്ടാം ഘട്ടം രൂക്ഷമായതിനെ തുടർന്ന് ദൈവാലയത്തിൽ വരാൻ സാധിക്കാത്ത സാഹചര്യത്തിൽ എല്ലാ വ്യാഴാഴ്ചകളിലും 10.30 മുതൽ 12.00 മണി വരെ ദൈവാലയത്തിൽ നടത്തിവരാറുള്ള ജപമാലയും മദ്ധ്യസ്ഥ പ്രാർത്ഥനയും അവരവരുടെ ഭവനങ്ങളിൽ ആയിരുന്നകൊണ്ട് നടത്തേണ്ടതാണ്.

**നന്ദിയുടെ ഒരു വാക്ക്**




വിശുദ്ധ വാരത്തോടനുബന്ധിച്ച് ദൈവാലയവും പരിസരവും വൃത്തിയാക്കൽ, ഊട്ടുതിരുനാളിനും ദുഃഖവെള്ളിയാഴ്ചയും ഭക്ഷണം വിളമ്പൽ, ദുഃഖവെള്ളിയാഴ്ചയിലെ ടാബ്ലോയിൽ പങ്കെടുക്കൽ, നോമ്പുവീടുന്നതിന്റെ ഭാഗമായി പിതൃവേദിയെ സഹായിക്കൽ ഇതിനെല്ലാം സഹകരിച്ച എല്ലാ അമ്മമാർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ബൈബിൾ എഴുത്ത്**

മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ അമ്മമാരെയും യുവതികളേയും കോർത്തിണക്കികൊണ്ട് ബൈബിൾ (പഴയനിയമം) എഴുത്ത് സംരഭം മാതാവിന്റെ വണക്കമാസ ആരംഭദിനമായ മെയ് ഒന്നാം തിയ്യതി ആരംഭിച്ചിരിക്കുന്നു. ഈ സംരഭത്തിൽ പങ്കെടുത്ത എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

**കുടുംബജീവിതത്തിലേക്ക്**

1. സെന്റ് മേരിസ് യൂണിറ്റ് നെയ്യൻ ആന്റണി+ മാഗ്ഗി മകൻ നൈജിൽ ആന്റണിയും തൃശ്ശൂർ അതിരൂപത കണ്ടശ്ശാങ്കടവ് സെന്റ് മേരിസ് ഫൊറോന ഇടവക പെരുമാടൻ ഇഗ്നേഷ്യസ് + ക്ലൈനസ് മകൾ നീനയും 24.04.2021 ന് വിവാഹിതരായി
2. സെന്റ് പീറ്റർ യൂണിറ്റ് ഡേവിഡ് + രാജി മകൻ നസ്രീൻ ദേവ് കണ്ണൂർ രൂപത ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി ഇടവക അന്തിക്കാട് രജിനോൾഡ് വിൻസെന്റ് + മിനി മകൾ ആനിയും 17.04.2021 ന് വിവാഹിതരായി.
3. വിൻസെന്റ് ഡിപോൾ യൂണിറ്റ് കുടിലിങ്കൽ റാഫേൽ + ഓമന മകൾ ഷേർളിയും വിജയപുരം രൂപത വാഴപ്പിള്ളി ക്രിസ്തുരാജ ഇടവക മാവുംതൈയ്യിൽ റോമി + ബെറ്റി മകൻ സന്ദീപും 26.05.2021 ന് വിവാഹിതരായി.
4. സെന്റ് പോൾ യൂണിറ്റ് വാഴപ്പിള്ളി വർഗ്ഗീസ് + ജാൻസി മകൻ ദിവ്യാൽ കോയമ്പത്തൂർ രൂപത കുനിയമുത്തൂർ ഡിവൈൻ മേഴ്സി ഇടവക രാജേന്ദ്രൻ + ഭാഗ്യലക്ഷ്മി മകൾ ശിവശങ്കരിയും തമ്മിൽ 6.05.2021 ന് വിവാഹം ക്രമപ്പെടുത്തി.
5. സെന്റ് യൂണിറ്റ് വെള്ളാനിക്കാരൻ വിൻസെന്റ് + ആൽഫാ മകൻ

ജോർജ്ജും തൃശ്ശൂർ അതിരൂപത മരത്താക്കര മേരി ഇമാക്കുലേറ്റ് ഇടവക ചിറയത്ത് കോനിക്കര ജോർജ്ജ് + സോഫി മകൾ മീരയും 30.05.2021 ന് വിവാഹിതരായി.

**നിത്യതയിലേക്ക്**

1. സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് ഒലക്കേങ്കിൽ ജോസഫ് (74 വയസ്സ്) ആത്മ ശാന്തിക്കുവേണ്ട കൂദാശകൾ സ്വീകരിച്ച് 07.04.2021 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. സഹോദരന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.
2. കൊഴിഞ്ഞാമ്പാറ സെന്റ് ആന്റണിസ് ഇടവക അമ്മണതട്ടിൽ കടവി റോസിലി ഫ്രാൻസിസ് (68 വയസ്സ്) കർത്താവിൽ നിദ്ര പ്രാപിച്ചു. നമ്മുടെ ഇടവകാംഗമായ സെന്റ് ആന്റണിസ് യൂണിറ്റ് ചാർളസ് പാണ്ടേങ്ങാടന്റെ ഭാര്യ മിനിമോളുടെ മാതാവ്.
3. വിൻസെന്റ് ഡിപോൾ യൂണിറ്റ് തട്ടിൽ മേരി ജോസ് (77 വയസ്) ആത്മശാന്തിക്കു വേണ്ട കൂദാശകൾ സ്വീകരിച്ച് 26.05.2021 ന് കർത്താവിൽ നിദ്രപ്രാപിച്ചു. സഹോദരിയുടെ ആത്മാശാന്തിക്കായി പ്രാർത്ഥിക്കാം.
4. സെന്റ് ജോർജ്ജ് യൂണിറ്റ് കൊളമ്പറത്ത് സിസിലി ജോസഫ് (70 വയസ്സ്) ആത്മാശാന്തിക്കുവേണ്ട കൂദാശകൾ സ്വീകരിച്ച് 31.05.2021 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. സഹോദരിയുടെ ആത്മാശാന്തിക്കായി പ്രാർത്ഥിക്കാം.
5. സെന്റ് ജോർജ്ജ് യൂണിറ്റ് കൊളമ്പറത്ത് ജോസഫ് കെ.പി (76 വയസ്സ്) ആത്മാശാന്തിക്കുവേണ്ട കൂദാശകൾ സ്വീകരിച്ച് 02.06.2021 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. സഹോദരന്റെ ആത്മാശാന്തിക്കായി പ്രാർത്ഥിക്കാം.

**ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസുകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം നല്കേണ്ടതാണ്. കളർ ഫുൾ പേജ് – 2400, ഹാഫ് പേജ് – 1200, B/w ഫുൾ പേജ് – 1500. പരസ്യങ്ങൾ കൊടുക്കുന്നവർ കൂടെ ഒരു Whatsapp നമ്പറും കൊടുക്കേണ്ടതാണ്.**

# Child is Precious



Vast advances in information technology have exposed children to various situation and also made us aware of every possible harm that can come to them, giving us insight into the level of complexity that children face today in negotiating every type of developmental milestones. Children are prone to get developmental, social, adjust mental, educational and sexual problems. Today, Children are faced with violence, and sexually explicit images through television, videos and through the internet. But the children who were lived in fifty years before they never dreamed of seeing these kind of videos.

Counselling to the children can be occurred both in school and clinical settings. All though the process is similar in both settings, but there are differences in the environmental, referral process, goals, confidentiality and termination. Giving counselling to the child is not always easy for parents to discuss. With the stigma of mental health many parents are not want their child to 'get therapy',which is unfortunate, because therapy changed the life of many.

How is the Child Counselling Differ?

Counselling gives the child an opportunity to talk about how they feel about their life without the fear of any kind judgement from their parents or teachers. Some kind of pressure and fear from their home and school will be taken away while they are speaking with a counsellor. Counselling offers a safe environment to the children to express their feelings and helps them to understand what may have caused to them to feel good or bad. The only one big difference between adult therapy and child therapy is on the emphasis. Make sure that the child understood what is really happening to him and give hope that he is not alone. If the parents are decided to bring their child to therapy, they need to stay with the child by encouraging him\her throughout the therapy process. Many people consider that child therapy is only for the healing of cases like childhood abuses, feeling of neglectness, and traumatic experiences. But it have an equally weighted focus on positive growth of the child and strengthing of the child's behavior. Therapy sessions focus on working towards an optimistic future, developing positive coping methods as well as boosting self esteem, self confidence and other positive states and trails in children.

**Life challenges and issues faces by children**

Some life events can cause changes in child's functioning as a part of a process of adjustment. These can all have troubling effects on a child's behaviour. Most often this will pass with time, if not child may need therapy. The main issues are as follows:

a) Divorce or separation of the parents b) Death of a loved one C) A new sibling

d) Traumatic childhood experiences e) bullying f) sexual abuses g) emotional abuses h) physical abuses i) family or child relocation j) substance abuse or addiction in the family k) mental illness like depression, anxiety and obsessive compulsive disorder

**(Therapy Tribe, 2018)**

Visible symptoms of child counseling

The following are the signs and symptoms shown by the children or adolescents, who should seek counseling.

a) Persistent feelings of sadness or hopelessness
b) Constant anger and a tendency to over react to the situations
c) Preoccupation with physical illness or their own appearance
d) An inability to concentrate, think clearly or make decisions
e) An inability to sit still
f) Violent acts such as setting fires or killing animals
g) Difficulty to adjust with social situations
h) Frequent nightmares or sleep difficulties
i) A sudden drop in grades in school
j) Persistent worry or anxiety, withdrawing from the activities they normally enjoy
k) Performing obsessive routines like frequent hand washing, expressing the thoughts of commit to suicide
l) Social isolation and like to be alone

(Thompson Jr., 2010)

**Five specific goals of child counseling**

1) Building the child's self esteem
2) Helping to improve the child's communication skills
3) Stimulating healthy and normal development
4) Building an appropriate emotional stability
5) Improving the child's emotional vocabulary

**(Walker, 2010)**

To summarise child counselling offers a safe space and an empathetic care while providing tools to bring about change in thought, feeling and behaviours. Just like adult clients, child clients receive emotional and goal support in their sessions. They can focus on resolving conflicts, understanding their own thoughts and feelings and on thinking of new solutions to their daily problems.

**Rinu Maneesh**

# Save the Earth, Save Ourselves



The word environment refers to all ecological units which are naturally present on earth in the form of land, water, air, soil, forest, sunlight, minerals, living organisms etc. This earth is full of natural surrounding. some are biotic and some are non -biotic.

Biotic elements are those element that has life like human, bird, animals, plants and micro organisms. Whereas non biotic elements are those which have no life like air, sunlight, water, land, soil, minerals, etc. Further it is also divided among four different spheres viz biosphere, lithosphere, atmosphere and hydrosphere. In which hydrosphere is the largest part on the earth among all. Life on earth has become possible due to some kind of actions and reactions between different kinds of resources that are present in environment. All of spheres contain some of the natural resources inside its category.

Currently, the situation of environment is very poor that could never be imagined by our ancestors in previous time. We have endlessly spoiled our environment by using its resources in very wrong way. We can see that every day and every where pollution is rapidly increasing in earth whether it is air, land, water or soil pollution, deforestation, acid rain and other dangerous disasters created by the human beings through technological advancement. Impurity elements has involved in every era of environment. Number of increased factories, industries, vehicles or other transportation has caused the poor situation of air pollution in whole world. At present, the situation has become so poor that IPCC (Intergovernmental panel on climate change), which is scientific and international body under United Nation has declared the situation of "Global Warming" on earth due to the increased level of carbon dioxide in atmosphere.

Use of natural resources should be carefully planned and executed. For providing a better and healthy life to our forthcoming generations, we all should unite with take some pledge about prevention of our environment with less and safe use of natural resources.

That it is correctly quoted, 'The Earth does not belong to us: we belong to the Earth' - Marlee Matlin

**Riya Alosious**



# The Sacred heart



**The devotion to the sacred heart also known as the** MOST SACRED HEART OF JESUS, *sacratissimum cor Iesu)* in Latin is the one of the most widely practiced and well known catholic devotions, wherein the heart of Jesus is viewed as a symbol of "GOD"s boundless and passionate love for mankind this devotion is predominantly used in the catholic church, followed by the high-church Anglicans

**THE SACRED HEART is often depicted in Christian art as a flaming heart shining with divine light, pierced by the lance-wound, encircled by the crown of thorns, surmounted by a cross, and bleeding. Sometimes, the image is shown shining within the bosom of Christ with his wounded hands pointing at the heart. The wounds and crown of thorns allude to the manner of Jesus' death, while the fire represents the transformative power of divine**

Saint Bernard (d,1153) said that "the piercing of Christ's side revealed his goodness and the earliest known hymn to the sacred heart for us."

## WORSHIP AND DEVOTION

The catholic acts of consecration reparation and devotion were introduced when the feast of the sacred heart was declared.

In his papal bull *auctorem fidei* Pope Pius VI praised devotion to the sacred heart. Finally, Leo XIII in his encyclical annum sacrum (25 May 1899), as well as on June 11, consecrated every human to the sacred heart. The idea of this act, which Leo XIII called "The great act" of this pontificate, had been proposed to him by a nun of the good shepherd from Oporto (Portugal) who said that she had supernaturally received it from Jesus. Since c. 1850, group, congregation, and countries have consecrated themselves to the sacred heart. In 1873, by petition of president Gabriel Garcia Moreno, Ecuador was the first country in the world to be consecrated to the Sacred heart.

"THE HEART OF JESUS IS THE ULTIMATE SYMBOL OF GOD'S MERCY; BUT IT IS NOT AN IMAGINARY SYMBOL, WHICH REPRESENTS THE CENTER, THE SOURCE FROM WHICH SALVATION FOR ALL HUMANITY GUHED FORTH"

POPE FRANCIS

**Br. Antony Menachery**

# നാമഹേതുകതിരുനാൾ ആശംസകൾ



മാർ പോൾ ആലപ്പാട്ട്
ജൂൺ 29



മാർ ജേക്കബ് മനത്തോടത്ത്
ജൂലൈ 25



മാർ പീറ്റർ കൊച്ചുപുരയ്ക്കൽ
ജൂൺ 29



ഫാ. തോമസ് കാവുങ്കൽ
ജൂലൈ 03



ഫാ. ജീവൻ പൊറുത്തൂർ
ജൂൺ 13

"My Grace is sufficient for you"
(2 corin 12 : 9)




*Joyful remembrance of my Final Profession*


**29.04.2021**

# Sr. Grace Mary FCC


*Nenmanikkara*

*N.R Antony, Gracy Antony*
*Shaju Antony, Soniya Shaju*
*Elsa Gracy Sarah*











“വി. യൗസേപ്പ് സ്വന്തം ജീവനും കർമ്മവും തിരുകുടുംബത്തിനു പൂർണമായും സമർപ്പിച്ചു”

**" He employed his legal authority over the Holy Family to devote himself completely to them in his life and work "**

*-Pope Paul VI-*






“കത്തോലിക്കാ സഭയുടെ രക്ഷാകർത്താവ് “

**" Patron of the Catholic Church "**

*-Pope Pius IX*










നിഴൽ
SHADOW OF THE FATHER






did you know just what you were fighting for?















# കോവിഡ് രണ്ടാം തരംഗത്തിലും സഹായഹസ്തങ്ങളുമായി .....












# George
Weds
# Meera

on 30.05.2021



S/o Mr. Vincent Vellanikkaran & Mrs. Alpha Vincent
D/o Mr. Geroge K K , Chirayath Konikkara house &
Mrs Sophy George, Marathakkara, Thrissur

മറക്കാനാവാത്ത ഒരുപാട്
നന്മയുടെ ഓർമ്മകളെ അവശേഷിപ്പിച്ചുകൊണ്ട്
നിത്യപിതാവിന്റെ സന്നിധിയിലേക്ക്
യാത്രയായ നമ്മുടെ പ്രിയപ്പെട്ട ആന്റോ അച്ചന്
(ഫാ. ആന്റോ കണ്ണമ്പുഴ വി.സി, ഡയറക്ടർ
ഡിവൈൻ ധ്യാനകേന്ദ്രം, കോയമ്പത്തൂർ)
ഗാന്ധിപുരം ഇടവകയുടെ പ്രാർത്ഥനാഞ്ജലികൾ....





കർത്താവിന്റെ മുന്തിരിത്തോപ്പിൽ
അഹോരാത്രം
അധ്വാനിച്ച് സ്വർഗ്ഗീയ സമ്മാനത്തിനായി
വിളിക്കപ്പെട്ട നമ്മുടെ പ്രിയപ്പെട്ട പോൾ അച്ചന്
(ഫാ. പോൾ പുലിക്കോട്ടിൽ വികാരി :
മൗണ്ട് കാർമ്മൽ ചർച്ച്, തിരുപ്പൂർ)
ഗാന്ധിപുരം ഇടവകയുടെ പ്രാർത്ഥനാഞ്ജലികൾ

# In Loving Memory



Chiriyankandath House

**C.P. Joseph**
DOB: 20.03.1924
DOD: 25.05.2010

**Thresia Joseph**
DOB: 04.07.1928
DOD: 22.07.2012

Jesus said to her, "I am the resurrection and the life.
Anyone who believes in me will live, even if he dies (Joh 11:25)

# 5th Death Anniversary



# N.P Simon

Neelankavil House

Birth: 30.01.1952
Death : 10.06.2016

*Sorrowing Family*

Wife : Thankamma Simon
Son : Franco N.S
Daughter : Lissy N.S
Son-in-law : Stanely Joseph

Daughter-in-law : Shymi Franco
Grand Son : C.S. Emmanuel
N.F Prince
Grand Daughter : Ann Rose C.S
Anu Rose N.F

## 18th Death Anniversary

**29.06.2021**





# M.V. ANTONY

**S/o. Varghese**
**Prop. Delux Studio**
**Menachery House**
**Died : 29.06.2003**

*"He who believes in the son of God has eternal life" (John 3:36)*

## 41st Day Remembrance





# Mrs. Mary Jose

**Thattil House**
**35, Thiruvalluvar Street, Rathinapuri -27**
**St. Vincent De Paul Unit**

**Birth : 14.06.1943** **Death : 26.05.2021**

*"We believe that Jesus died and rose again, even so, through Jesus, God will bring with him those who have died".*
*1 Thessalonians 4:14*

**By Sorrowing Family**

# 2-ാം ചരമ വാർഷികം



ജനനം
05. 11 .1939

മരണം
28. 06. 2019

# മേരി അന്തോണി

## കുണ്ടുകുളങ്ങര ഹൗസ്

39-B, Mary Bhavanam, Checkan Thottam,
Ganapathy, Coimbatore - 641 006.

ദു:ഖാർത്തരായ കുടുംബാംഗങ്ങൾ

Daisy, Joy, Josephina, Lilly, Thomas Prabhu
Reshmi, Babu, Ouseph, Rani
Jomon, Anit, Livin, Lini, Sherin, Anto


Tony Mathew. C
95435 39868
90807 04225
Flat
20%
Off
Specto Craft Opticians
Eye Testing Facility Available Here
108, (Opp) St. Michael's School,
Near Royal Theatre
Big Bizzar Street, Coimbatore - 641 001


BHAARATH
Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778
BHAARATH ELECTRICAL INDUSTRY
78, New Scheme Road, P.N. Palayam,
Coimbatore - 641 037

JOSEPH STANISLAUS. J

Mobile : 94437 75050

# WATER PROOF CONSULTANT

TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS






48/641, 7th Street Extension, Gandhipuram, Coimbatore-12

Shaju A George
Director - Business Development
Mob: +91 9003364414

# ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800

E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej | CP PLUS | alhua | HIKVISION | Ravel | DSC | SIEMENS | ERREKA | Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

Joseph CP
9363210497

# SINI
Photo & Videos

5/55, Vimal Nagar, Viswasapuram, cbe-35



N S FRANCO
9843246346

STAR Health Insurance
The Health Insurance Specialist

# CORONA KAVACH

**Upto 5 Lakhs**
Covarage in all Hospitals

Valid upto 9.5 Months
from the date of
enrolment

0 to 45 Premium 2243
46 to 65 Premium 2697

# സഭാ വാർത്തകൾ

1. രാമനാഥപുരം രൂപതയ്ക്കു വേണ്ടി 4 ഡീക്കൻമാർ തിരുപ്പട്ടം സ്വീകരിച്ചു. ഏപ്രിൽ 12,13,14,15 തീയതികളിൽ നടന്ന തിരുപ്പട്ട ശുശ്രൂഷകളിൽ രാമനാഥപുരം രൂപത മെത്രാൻ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ കൈവയ്പ്പ് ശുശ്രൂഷ വഴി ഡീക്കൻമാരായ ആൻറണി കൂട്ടുങ്കൽ, ചാൾസ് ചിറമ്മേൽ, അഗസ്റ്റിൻ ചിരിയൻകണ്ടത്ത്, അമൽ പാലാട്ടി എന്നിവരാണ് പൗരോഹിത്യം സ്വീകരിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചത്.

2. ചാർട്ടേഡ് അക്കൗണ്ടായ സീറോ മലബാർ സഭയിലെ ആദ്യ വൈദീകനും രാമനാഥപുരം രൂപത കുനിയമുത്തൂർ സെന്റ് മാർക്സ് ചർച്ച് ഇടവക വികാരിയുമായ ഫാദർ ജോർജ്ജ് ചെറുവത്തൂർ കൊമേഴ്സിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. 'ഭാരതത്തിലെ സ്വകാര്യ മേഖല ബാങ്കുകളുടെ ഓഹരിവില വിശകലനം' എന്ന വിഷയത്തിലാണ് ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് അച്ചൻ പി.എച്ച്.ഡി കരസ്ഥമാക്കിയത്.

3. സീറോ മലബാർ സഭ ഫാമിലി ലെയ്റ്റി ലൈഫ് കമ്മിഷനിലെ അൽമായ കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ നിര്യാതനായി.
സംസ്ഥാന സർക്കാരിന്റെ കടാശ്വാസ കമ്മീഷൻ അംഗം, കേരള ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ അംഗം, കെ.സി.ബി.സി അൽമായ കമ്മിഷൻ സെക്രട്ടറി, എറണാകുളം-അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, അഖില കേരള കത്തോലിക്ക കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ഓൾ ഇന്ത്യ കത്തോലിക്ക യൂണിയൻ ദേശീയ സെക്രട്ടറി, എറണാകുളം മഹാരാജാസ് കോളജ് പ്ലാനിങ് ഫോറം സെക്രട്ടറി, ഇന്ത്യൻ നാഷണൽ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

4. വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള അടക്കം ഏഴ് പേരെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി, മെയ് മൂന്നിന് വത്തിക്കാനിൽവെച്ച് ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ കൺസിസ്റ്ററി കൂടും. കർദ്ദിനാളുമാരുടെ ഈ പ്രത്യേക സമ്മേളനത്തിൽ ഇവരെ വിശുദ്ധരായി പ്രഖ്യാപിക്കുന്ന തീയതി തീരുമാനിക്കും. ഭാരതത്തിലെ പ്രഥമ അൽമായ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ നാമകരണത്തിനായി അദ്ദേഹത്തിന്റെ പേരിൽ നടന്ന അത്ഭുതങ്ങൾ ഫ്രാൻസിസ് പാപ്പ കഴിഞ്ഞ വർഷം അംഗീകരിച്ചിരുന്നു.

5. വിൻസെൻഷ്യൻ സന്യാസസഭയുടെ സുപ്പീരിയർ ജനറാളായി റവ. ഡോ. ജോൺ കണ്ടത്തിങ്കര തെരഞ്ഞെടുക്കപ്പെട്ടു. ഫാ. ടോണി ചക്കുങ്കൽ (അസിസ്റ്റന്റ് ജനറൽ, പ്രേഷിത പ്രവർത്തനം), ഫാ. അഗസ്റ്റിൻ മുണ്ടക്കാട്ട് (പോപ്പുലർ മിഷൻ ധ്യാനം, അജപാലനം), ഫാ. തോമസ് മംഗലത്ത് (വിദ്യാഭാസം, മാധ്യമങ്ങൾ), ഫാ. ജോർജ് ഇലഞ്ഞിക്കൽ പുത്തൻതറ (ധനകാര്യം) എന്നിവരെ ഭരണസമിതി അംഗങ്ങളായും തെരഞ്ഞെടുത്തു.

6. ഈ വർഷത്തെ പ്രൈഡ് ഓഫ് ഗുജറാത്ത് അവാർഡ് കത്തോലിക്ക വൈദികനും മലയാളിയുമായ ഫാ. ജോമോൻ തൊമ്മനയ്ക്ക് സമ്മാനിച്ചു. ഏപ്രിൽ ഏഴാം തീയതി നടന്ന ചടങ്ങിൽ ഗുജറാത്ത് മുഖ്യമന്ത്രി നിതിൻ പട്ടേൽ ആണ് അവാർഡ് സമ്മാനിച്ചത്. ക്രൈസ്റ്റ് എഡ്യുക്കേഷണൽ ഫൗണ്ടേഷൻ സ്ഥാപക അധ്യക്ഷനും, രാജ്കോട്ടിലെ ക്രൈസ്റ്റ് ആശുപത്രിയുടെ അധ്യക്ഷനുമായി ദീർഘകാലം സേവനം ചെയ്ത ഫാ. ജോമോൻ ഇപ്പോൾ രാജ്കോട്ടിലെ ക്രൈസ്റ്റ് ക്യാമ്പസിന്റെ അധ്യക്ഷനാണ്.

7. ഇന്ത്യയിലെ ഏക വൈദിക എംഎൽഎ ആയിരുന്ന മലയാളി വൈദികൻ റവ. ഡോ. ജേക്കബ് പള്ളിപ്പുറത്തു നിര്യാതനായി. കർണാടകയിലെ ധർവാഡിൽ വെച്ചു ആയിരുന്നു അന്ത്യം. വൈദികനായി ധർവാഡിൽ എത്തിയ റവ. ജേക്കബ് സാധാരണക്കാരായ ലമ്പനി ട്രൈബൽ ആളുകളുടെ ഇടയിൽ അവരുടെ ഉന്നമനത്തിനായി ആയിരുന്നു പ്രവർത്തിച്ചത്.

8. പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫ്രഞ്ച് പട്ടാളക്കാരുടെ അധിനിവേശത്തിൽ ദിവ്യകാരുണ്യം സംരക്ഷിക്കുന്നതിനിടെ രക്തസാക്ഷിത്വം വരിച്ച 6 സിസ്റ്റേർഷ്യൻ സന്ന്യാസസമൂഹാംഗങ്ങളെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. ഏപ്രിൽ 17നു വത്തിക്കാനിൽ നിന്ന് നൂറുകിലോമീറ്റർ തെക്കുമാറിയുള്ള കാസമാരിയിലെ സിസ്റ്റേർഷ്യൻ ആശ്രമത്തിലാണ് വാഴ്ത്തപ്പെട്ട പദ പ്രഖ്യാപന ചടങ്ങ് നടന്നത്.

9. യൂറോപ്യൻ രാജ്യമായ പോളണ്ടിനെ ഒക്ടോബർ 7ന് വിശുദ്ധ യൗസേപ്പിതാവിന് സമർപ്പിക്കുവാൻ ദേശീയ മെത്രാൻ സമിതിയുടെ തീരുമാനം. രാഷ്ട്രത്തെയും സഭയെയും വിശുദ്ധ യൗസേപ്പിതാവിന് സമർപ്പിക്കുന്ന ശുശ്രൂഷ മധ്യ പോളണ്ടിലെ കാളിസിലെ സെന്റ് ജോസഫ് ദേവാലയത്തിലാകും നടക്കുക.

10. മധ്യ ആഫ്രിക്കൻ രാജ്യമായ കാമറൂണിൽ നിന്നുള്ള ആദ്യ കർദ്ദിനാൾ ക്രിസ്റ്റ്യാൻ വിയ്ഗാൻ തുമി ദിവംഗതനായി. 1988ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് കർദ്ദിനാൾ പദവി നല്കിയത്. കാമറൂണിലെ യാഗുവ, ഗാരുവ രൂപതകളിലെ ബിഷപ്പും ദുവാല അതിരൂപതയിലെ ആർച്ച്ബിഷപ്പുമായി സേവനം അനുഷ്ഠിച്ചിരുന്നു. 2009ൽ ആർച്ച് ബിഷപ്പ് സ്ഥാനത്തുനിന്ന് വിരമിച്ചു.

11. സ്വിസ്സ് കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ ഹാൻസ് ക്യുങ്ങ് നിര്യാതനായി. 2013 മുതൽ പാർക്കിൻസൺസ് രോഗവും സന്ധിവാതാവും അദ്ദേഹത്തെ അലട്ടിയിരുന്നു. ജർമ്മനിയിലെ ട്യൂബിങ്ങനിലെ സ്വവസതിയിലായിരുന്നു അന്ത്യം. 1928 മാർച്ച് മാസം പത്തൊമ്പതാം തീയതി സ്വിസ്റ്റർലണ്ടിലെ സുർസേയിൽ ജനിച്ചു. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച ഹാൻസ് 1954ൽ പുരോഹിതനായി അഭിഷിക്തനായി.

13. ഇറ്റലിയിലെ റോമ നഗരത്തിന് സമീപമുള്ള സാക്രോഭാനോ എന്ന മുനിസിപ്പാലിറ്റിയിൽ കൊറോണ ബാധിതർക്കു വേണ്ടി രാവും പകലും കഠിനപ്രയത്നം നടത്തിയ മലയാളി കത്തോലിക്ക സന്യാസിനികൾ ഉൾപ്പെടെയുള്ള വനിത നേഴ്സുമാരുടെ പേരുകൾ റോഡിന് നൽകി രാഷ്ട്രം ആദരമർപ്പിച്ചു. കമില്ലസ് സന്യാസിനീ സമൂഹാംഗങ്ങളും മലയാളികളുമായ സിസ്റ്റർ ഡെയ്സി അണ്ണാത്തുകുഴിയിൽ, സിസ്റ്റർ തെരേസ് വെട്ടത്ത് എന്നിവരാണ് ഇറ്റലിയിൽ അപൂർവ്വ ആദരവിന് അർഹരായിരിക്കുന്നത്.

13. പൗരോഹിത്യത്തെക്കുറിച്ച് ചർച്ച ചെയ്യാനായി വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ അടുത്തവർഷം ഫെബ്രുവരി 17 മുതൽ 19 വരെ സിംപോസിയം നടക്കും. 'ടുവേർഡ് എ ഫണ്ടമെന്റൽ തിയോളജി ഓഫ് ദി പ്രീസ്റ്റ്ഹുഡ്' എന്ന പേരിലായിരിക്കും സിംപോസിയം സംഘടിപ്പിക്കുക. പൗരോഹിത്യ ബ്രഹ്മചര്യം, വനിതകൾക്ക് ഡീക്കൻ പദവി തുടങ്ങിയ വിഷയങ്ങൾ സിംപോസിയത്തിൽ ചർച്ചയാകും. ഫ്രാൻസിസ് മാർപാപ്പ യുടെ സന്ദേശത്തോടുകൂടിയായിരിക്കും ഇതിനു സമാപനമാവുക.

14. ഭിന്നശേഷിയുള്ള ബാല്യങ്ങൾക്ക് ഇടയിലുള്ള സേവനങ്ങളെ മാനിച്ച് അവഗണിക്കപ്പെട്ടവരുടെ അമ്മ സിസ്റ്റർ റൂത്ത് ലെവിസിന് പാക്കിസ്ഥാനി സർക്കാരിന്റെ മരണാനന്തര ഉന്നത പുരസ്കാരം. സാംസ്കാരികം,





പൊതുജീവിതം എന്നീ മേഖലകളിൽ നൽകുന്ന മഹനീയ സേവനങ്ങളെ മാനിച്ച് പൗരൻമാർക്ക് നൽകുന്ന ഉന്നത പുരസ്കാരങ്ങളിലൊന്നായ 'സിതാര-ഇ-ഇംതിയാസ്'(ശ്രേഷ്ഠ താരം) അവാർഡിനാണ് സിസ്റ്റേഴ്സ് ഓഫ് ദി ഫ്രാൻസിസ്കൻ മിഷണറീസ് സഭാംഗമായിരുന്ന സിസ്റ്റർ റൂത്ത് അർഹയായത്.

15. കഴിഞ്ഞ വർഷം ഒക്ടോബറിൽ ഫ്രാൻസിസ് മാർപാപ്പ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയ ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലൻ കാർളോ അക്യൂട്ടിസിന്റെ തിരുശേഷിപ്പ് കേരളത്തിലും എത്തിച്ചു. അനുദിനം വിശുദ്ധ കുർബാന സ്വീകരിച്ച് വിശുദ്ധിയിലേക്ക് വളർന്ന ദിവ്യകാരണ്യത്തിന്റെ സൈബർ അപ്പോസ്തോലന്റെ അഴുകാത്ത ഹൃദയത്തിന്റെ തിരുശേഷിപ്പിന്റെ ഒരു ഭാഗം ഭാരതത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലേക്കും എത്തിക്കുവാൻ പദ്ധതിയുണ്ടെന്ന് കാർളോ പ്രസിദ്ധികരണങ്ങളുടെ ചുക്കാൻ പിടിക്കുന്ന കാർളോ ബ്രദേഴ്സ് അറിയിച്ചു.

16. മെൽബൺ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ അധികാര പരിധി ഓഷ്യാനിയ ഭൂഖണ്ഡം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ടു ഫ്രാൻസിസ് മാർപാപ്പ ഉത്തരവായി. 2021 മാർച്ച് 21 ന് പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്റ്റ് കർദിനാൾ ലെയനാർദോ സാന്ദ്രിക്ക് അനുവദിച്ച കൂടിക്കാഴ്ചയിലാണു മാർപാപ്പയുടെ തീരുമാനം.
ആസ്ട്രേലിയായിലെ സീറോമലബാർ വിശ്വാസികൾക്കുവേണ്ടി 2013 ഡിസംബർ 23 നാണു മെൽബൺ സെന്റ് തോമസ് രൂപത സ്ഥാപിതമായത്.

17. കോയമ്പത്തൂരിലെ ആരോഗ്യ - സാമൂഹിക കേന്ദ്രമായ ശാന്തി ആശ്രമത്തിനായി നടത്തിയ ധനസമാഹരണത്തിന് പിന്തുണയുമായി ഫ്രാൻസിസ് മാർപാപ്പ. 20,000 യൂറോയുടെ സഹായമാണ് പാപ്പ നൽകുക. ഭക്ഷ്യ ബാങ്കിലൂടെയും വനിതാ സംരംഭകർക്കുള്ള ചികിത്സാ സഹായത്തിലൂടെയും പരിശീലന സഹായ പദ്ധതികളിലൂടെയും കോയമ്പത്തൂർ നഗരത്തിന് ചുറ്റുമുള്ള ഗ്രാമങ്ങളിൽ 50,000 കുട്ടികളെയും അവരുടെ കുടുംബങ്ങളെയും ശാന്തി ആശ്രമം സഹായിക്കുന്നുണ്ട്.

18. മലയാളി മിഷ്ണറി വൈദികനെ ഓഷ്യാനിയയിലെ പാപ്പുവ

ന്യൂഗിനിയയിലെ ബിഷപ്പായി ഫ്രാൻസിസ് പാപ്പ നിയമിച്ചു. ഇടുക്കി ജില്ലയിലെ മേലോരം ഇടവകാംഗമായ ഫാ. സിബി മാത്യൂ പീടികയിലിനെയാണ് പാപ്പുവ ന്യൂഗിനിയയിലെ ഐതാപെ രൂപതയുടെ ബിഷപ്പായി പാപ്പ നിയമിച്ചിരിക്കുന്നത്. മെയ് 13നാണ് ഇത് സംബന്ധിച്ച നിയമനത്തിന് പാപ്പ അംഗീകാരം നൽകിയത്. ഹെറാൾഡ് ഓഫ് ഗുഡ് ന്യൂസ് കോൺഗ്രിഗേഷൻ അംഗമാണ് ഫാ. സിബി. വാനിമോ രൂപതയുടെ വികാരി ജനറലായി സേവനം ചെയ്തു വരികയായിരിന്നു അദ്ദേഹം. 1952–ൽ സ്ഥാപിതമായ ഐതാപെ രൂപതയുടെ ആറാമത്തെ ബിഷപ്പാണ് ഡോ. സിബി മാത്യൂ.

19. ആരാധന തിരുസംഘത്തിന്റെ അധ്യക്ഷ സ്ഥാനത്ത് നിന്ന് വിരമിച്ച കർദ്ദിനാൾ റോബർട്ട് സാറയ്ക്കു പുതിയ ദൗത്യമേൽപ്പിച്ച് ഫ്രാൻസിസ് പാപ്പ. പൗരസ്ത്യസഭകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനിലെ മെമ്പറായാണ് മാർപാപ്പ പുതിയ നിയമനം നടത്തിയിരിക്കുന്നത്. ആഫ്രിക്കയിലെ ഗിനിയയിൽ നിന്നുള്ള കർദ്ദിനാൾ റോബർട്ട് സാറ വത്തിക്കാന്റെ ആരാധനക്രമ കാര്യങ്ങളുടെ കോൺഗ്രിഗേഷൻ തലവനായി കഴിഞ്ഞ ഫെബ്രുവരി മാസം വരെ അദ്ദേഹം സേവനം ചെയ്തിരുന്നു.

20. കൊറോണ പകർച്ചവ്യാധിയുടെ രണ്ടാം തരംഗം ഇന്ത്യയിൽ അതിരൂക്ഷമായി തുടരുന്ന അടിയന്തിര സാഹചര്യത്തിൽ കഷ്ടതയനുഭവിക്കുന്ന ഭാരത ജനതക്ക് ഐക്യദാർഢ്യവും ആശ്വാസവും പ്രാർത്ഥനയും അറിയിച്ച് ഫ്രാൻസിസ് പാപ്പയുടെ കത്ത്. മാരകമായ ഈ പകർച്ചവ്യാധി ബാധിച്ചവർക്കെല്ലാം ദൈവം രോഗശാന്തിയും, സൗഖ്യവും നൽകുമെന്ന തന്റെ പ്രാർത്ഥനയും ഇന്ത്യക്കാരോടുമുള്ള തന്റെ ഹൃദയംനിറഞ്ഞ ഐക്യദാർഢ്യവും, ആത്മീയ അടുപ്പവും പ്രകടിപ്പിക്കുന്നുവെന്ന ആമുഖത്തോടെയാണ് ദേശീയ മെത്രാൻ സമിതി പ്രസിഡന്റും, ബോംബെ മെത്രാപ്പോലീത്തയുമായ കർദ്ദിനാൾ ഒസ്വാൾഡ് ഗ്രേഷ്യസിനു പാപ്പ കത്തയച്ചിരിക്കുന്നത്.

21. മാർത്തോമ്മാ സഭാ വലിയ മെത്രാപ്പോലിത്തയും ലോകത്തെ തന്നെ ഏറ്റവും പ്രായം കൂടിയ മെത്രാപ്പോലിത്തമാരിൽ ഒരാളുമായിരിന്ന പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം (104) കാലം ചെയ്തു. തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. സ്വത സിദ്ധമായ നർമ്മത്തിലൂടെ തലമുറകളെ ചിരിപ്പിക്കുകയും

ചിന്തിപ്പിക്കുകയും ചെയ്ത ആത്മീയാചാര്യനു ജാതി മതങ്ങൾക്കതീതമായി ഏവരുടെയും ഹൃദയത്തിൽ സ്ഥാനം നേടിയിരിന്നു.
7. വത്തിക്കാനിലെ ആരാധന തിരുസംഘത്തിന്റെ മുൻ തലവൻ കർദ്ദിനാൾ റോബർട്ട് സാറയും വത്തിക്കാൻ ഉന്നതകോടതിയുടെ മുൻ തലവനായിരുന്ന കർദ്ദിനാൾ റെയ്മണ്ട് ബുർക്കെയും ഉൾപ്പെടെ എട്ടു കർദ്ദിനാൾമാരെ കർദ്ദിനാൾ ഡീക്കൻ പദവിയിൽ നിന്നും കർദ്ദിനാൾ പ്രീസ്റ്റ് പദവിയിലേക്ക് ഉയർത്തുന്നതിന് കൺസിസ്റ്ററിയിൽ തീരുമാനം. വത്തിക്കാൻ അപ്പസ്തോലിക കൊട്ടാരത്തിൽ ഫ്രാൻസിസ് പാപ്പയുടെ അദ്ധ്യക്ഷതയിൽ നടന്ന കർദ്ദിനാളുമാരുടെ യോഗത്തിലാണ് ഇക്കാര്യത്തിന് അംഗീകാരം നൽകിയത്.

22. ദക്ഷിണ കൊറിയയിലെ സീയൂൾ അതിരൂപതയുടെ മുൻ ആർച്ച് ബിഷപ്പ് കർദ്ദിനാൾ നിക്കൊളാസ് ചിയോംഗ് ജിൻസുക് അന്തരിച്ചു. 89 വയസ്സായിരിന്നു. കൊറിയൻ സഭയിലെ ഉന്നത വ്യക്തിയും കൊറിയൻ കത്തോലിക്കാ ബിഷപ്പുമാരുടെ കോൺഫറൻസിന്റെ (സിബിസികെ) മുൻ പ്രസിഡന്റുമായ കർദ്ദിനാൾ ചിയോംഗ് പ്രോലൈഫ് മൂല്യങ്ങളെ ശക്തമായി മുറുകെ പിടിച്ച് ഗർഭഛിദ്രത്തിനെതിരെ നിരന്തരം ശബ്ദമുയർത്തിയിരിന്നു.

23. ഫ്രാൻസിസ് പാപ്പയുടെ പ്രത്യേക നിർദ്ദേശ പ്രകാരം കഴിഞ്ഞ പെസഹാ ദിനത്തിൽ ഗുരുതരമായ രക്താർബുദത്തിന് റോമിലെ ആശുപത്രിയിൽ ചികിത്സയിലിരിക്കേ തിരുപ്പട്ട സ്വീകരണം നടത്തി വാർത്തകളിൽ നിറഞ്ഞ നൈജീരിയൻ സ്വദേശിയായ ഫാ. ലിവിനിയൂസ് എസോംചി രക്താർബുദത്തോടുള്ള പോരാട്ടം മതിയാക്കി നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. തിരുപ്പട്ട സ്വീകരണം നടത്തിയതിനു ശേഷമുള്ള 23 ദിവസങ്ങളും ആശുപത്രി കിടക്കയിൽ കിടന്നുകൊണ്ട് അദ്ദേഹം വിശുദ്ധ കുർബാന അർപ്പിച്ചിരിന്നുവെന്നത് ശ്രദ്ധേയമാണ്.

24. കേരളത്തിൽ ആദ്യമായി ക്രിസ്ത്യൻ സ്റ്റഡീസിൽ (ദൈവശാസ്ത്രം) ബിഎ പഠനത്തിനു കാലിക്കട്ട് സർവ്വകലാശാലയിൽ വഴിയൊരുങ്ങുന്നു. പ്രസ്തുത പഠനത്തിനുള്ള ബോർഡ് ഓഫ് സ്റ്റഡീസ് യൂണിവേഴ്സിറ്റി രൂപീകരിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറായ ഡോ. പി.ജെ. വിൻസെന്റ് ആണ് ബോർഡിന്റെ അധ്യക്ഷൻ. റവ. ഡോ. പോൾ പുളിക്കനാണ് ക്രിസ്ത്യൻ ചെയർ ഡയറക്ടർ.

25. കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ജോൺ പോൾ പാപ്പാ

പുരസ്കാരം പ്രഖ്യാപിച്ചു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ബോട്സ്വാന ഗെബ്രോൺ യൂണിവേഴ്സിറ്റി കോളജ് ഓഫ് ലോ ആൻഡ് പ്രഫഷണൽ സ്റ്റഡീസ് മാനേജിംഗ് ഡയറക്ടർ ഡോ. ആന്റണി പി. ജോസഫ് എന്നിവരാണ് അവാർഡിന് അർഹരായത്. 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

12. ആഫ്രിക്കൻ രാജ്യമായ ലെസോത്തോയിൽ നിന്നുള്ള പ്രഥമ കർദ്ദിനാൾ സെബാസ്റ്റ്യൻ കോട്ടോ ഖൊറായ് ദിവംഗതനായി. 91 വയസ്സായിരിന്നു. ലെസോത്തോയിലെ മസെനോഡിൽവെച്ചായിരിന്നു അന്ത്യം. രാജ്യത്തെ ഏക കർദ്ദിനാൾ കൂടിയായിരിന്നു അദ്ദേഹം. 40 വർഷത്തോളം, മൊഹാലെ ഹോക്ക് രൂപതയെ നയിച്ച സെബാസ്റ്റ്യൻ കോട്ടോ 2006ൽ 75 വയസ്സ് തികഞ്ഞപ്പോൾ കാനോൻ നിയമപ്രകാരം രാജി സമർപ്പിക്കുകയായിരിന്നു.

26. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മെയ് മാസത്തിലെജ പമാലമ ാരത്തോണിന്വ ത്തിക്കാൻെ തരഞ്ഞെടുത്ത തീർത്ഥാടന കേന്ദ്രങ്ങളിൽ വേളാങ്കണിയും. മെയ് മാസത്തിലെ 31 ദിവസവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 31 തീർത്ഥാടന കേന്ദ്രങ്ങളിൽ നിന്നുള്ള ജപമാല പ്രാർത്ഥനയുടെ തത്സമയ സംപ്രേക്ഷണം വത്തിക്കാൻ മീഡിയ ഒരുക്കുന്നുണ്ട്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഈ ലിസ്റ്റിലാണ് ഭാരതത്തിലെ പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രമായ തമിഴ്നാട്ടിലെ വേളാങ്കണ്ണി ആരോഗ്യമാതാവിന്റെ ദേവാലയവും പരിശുദ്ധ സിംഹാസനം ഉൾപ്പെടുത്തിയിരിക്കുന്നത്.

27. മധ്യപ്രദേശിലെ ജാബുവ കത്തോലിക്ക രൂപതയുടെ അധ്യക്ഷൻ ബിഷപ്പ് ബേസിൽ ഭൂരിയ (65) കാലം ചെയ്തു. കോവിഡ് രോഗബാധിതനായ അദ്ദേഹം ഇൻഡോർ സെന്റ് ഫ്രാൻസിസ് ഹോസ്പിറ്റലിൽ ഹൃദയാഘാതത്തെ തുടർന്നാണ് മരണമടഞ്ഞത്.

28. മതാധ്യാപകരുടെ ശുശ്രൂഷയെ സഭയിലെ അല്മായരുടെ ഔദ്യോഗിക ദൗത്യമായി ഉയർത്തിക്കൊണ്ട് ഫ്രാൻസിസ് മാർപാപ്പ മോത്തു പ്രോപ്രിയ (സ്വയാധികാര പ്രബോധനം) പുറപ്പെടുവിച്ചു. മേയ് പത്തിനു മാർപാപ്പ ഒപ്പുവച്ച 'അന്തീകുവും മിനിസ്റ്റേരിയും' (പുരാതന ശുശ്രൂഷ) എന്ന സ്വയാധികാര പ്രബോധനത്തിലൂടെയാണ് പാപ്പ അംഗീകാരം നൽകിയിരിക്കുന്നത്. അല്മായരെ മതാധ്യാപകരായി നിയോഗിച്ച് ശുശ്രൂഷ ഭരമേല്പിക്കുന്നതിന്റെ ക്രമം ദൈവാരാധനയ്ക്കു വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം ഉടൻ പ്രസിദ്ധീകരിക്കും.

# ദൈവപരിപാലനയുടെ കോവിഡ് അനുഭവം



കർത്താവ് അരുളിച്ചെയ്യുന്നു: “നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി.” (ജെറ: 29:11).

കോവിഡ് മഹാമാരി ലോകം മുഴുവൻ വളരെ രൂക്ഷമായി ആഞ്ഞടിക്കുമ്പോൾ അതിനെ നേരിടാനുള്ള വിശ്വാസിയുടെ ആത്മീയ ആയുധമാണ് പ്രാർത്ഥന കഷ്ടതകളുടെ, സഹനങ്ങളുടെ, വേദനകളുടെ, നിലവിളികളുടെ ഈ കൊറോണ കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ, ഒരുപക്ഷേ ദൈവത്തിന്റെ വചനങ്ങളെയും, വാഗ്ദാനങ്ങളേയും തെല്ലൊരു സംശയത്തോടെ നോക്കിക്കാണുന്നവരാണ് മനുഷ്യരായ നമ്മൾ പലരും. എന്നാൽ ദൈവവചനം ജീവനുള്ളതും സൗഖ്യദായകവും പരിപാലന നല്കുന്നതുമാണെന്ന് നമ്മുടെ ജീവിതാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

എനിക്ക് കോവിഡ് പോസിറ്റീവ് ആയപ്പോൾ ദൈവപരിപാലന അനുഭവിക്കാൻ ഇടയായ ഒരനുഭവം പങ്കുവക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതാനും ദിവസങ്ങൾക്കും മുൻപ് എന്റെ മകന് പനിയും ശരീരവേദനയും അനുഭവപ്പെടുകയും എനിക്കു മണം നഷ്ടപ്പെടുകയും ചെയ്തതിനെ തുടർന്ന് ഞങ്ങൾ മൂന്നുപേരും കോവിഡ് ടെസറ്റ് നടത്തുകയുണ്ടായി. ടെസറ്റ് റിസൾട്ട് വരുന്നതുവരെയുള്ള സമയം തീച്ചൂളയിലൂടെ കടന്നുപോകുന്നഒരു അനുഭവമായിരുന്നു. കാരണം എന്റെ ജീവിതപങ്കാളിക്ക് പ്രേമഹരോഗം ഉണ്ടായിരുന്നു. നിസ്സാര ലക്ഷണങ്ങൾ മാത്രമായിരുന്നു എങ്കിലും മാധ്യമങ്ങളിലൂടെ രോഗികൾക്ക് സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഒരു ഉൾഭയം എനിക്കുണ്ടായി അതിലുപരി മറ്റുള്ളവർക്ക് നമ്മോടുള്ള മനോഭാവം, നമ്മുടെ വീടിനെ ഒറ്റപ്പെടുത്തുന്ന അവസ്ഥ ഇതെല്ലാം എന്നെ ഏറെ അസ്വസ്ഥയാക്കി.

പിറ്റേന്ന് ടെസ്റ്റ് റിസൾട്ട് ലഭിച്ചപ്പോൾ ഞാനും മകനും പോസിറ്റീവ് ആവുകയും എന്റെ ഭർത്താവ് നെഗറ്റീവ് ആവുകയും ചെയ്തു. എനിക്കും മകനും ESI ആശുപത്രിയിലെ പരിശോധനയിൽ കോവിഡ് mild ആയതുകൊണ്ട് കാരുണ്യ കോവിഡ് കെയർ സെന്ററിൽ ആഡ്മിറ്റാക്കാൻ നിർദ്ദേശം ലഭിച്ചു. ദൈവാനുഗ്രഹത്താൽ അവിടെ ഞങ്ങൾക്ക് രണ്ടുപേർക്കും അടുത്തടുത്ത ബെഡുകൾ ലഭിച്ചു. അവിടെ ആയിരിക്കുമ്പോഴും മനസ്സ് വളരെ അസ്വസ്ഥമായിരുന്നു. ഒരു ജയിലിൽ എത്തിച്ചേർന്ന അവസ്ഥ, പരിചിയമില്ലാത്ത കുറേ മുഖങ്ങൾ മകളെയും കൊച്ചുമക്കളെയും കുറിച്ചുള്ള ചിന്തകൾ. എന്റെ അവസ്ഥയെക്കാൾ അവർക്ക് എന്തു സംഭവിക്കും എന്നതായിരുന്ന എന്നെ അല

ട്ടിയിരുന്നത്. തന്നെ തേടുന്നവർക്ക് പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുന്ന വർക്ക് ദൈവം സമീപസ്ഥനാണ്. നന്നായിട്ടൊന്ന് പ്രാർത്ഥിക്കാൻ പോലും സാധിക്കാത്ത അവസ്ഥ എങ്കിലും മനസ്സു മുഴുവൻ ദൈവത്തോടുകൂടെ ആയിരുന്നു. എന്നെ അറിയുന്ന ഒരുപാട് വ്യക്തികൾ എന്നെ ഫോണിൽ വിളിച്ച് സംസാരിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ ഞാൻ അനുഭവിച്ച സമാധാനം പറഞ്ഞറിയിക്കാൻ സാധിക്കില്ല. മറ്റുള്ളവരുടെ പ്രാർത്ഥനയുടെ ശക്തി ഞാൻ എന്റെ ജീവിതത്തിൽ അനുഭ വിച്ചു. മറ്റു ശാരീരിക അസ്വസ്ഥതകൾ ഒന്നും ഇല്ലാതെ ദൈവം കാത്തുപരിപാ ലിച്ചു. എട്ടു ദിവസങ്ങൾക്കുശേഷം ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി. അതുവരെ വീട്ടിൽ ഒറ്റയ്ക്കായിരുന്ന എന്റെ ജീവിതപങ്കളിയെയും ദൈവം പരിപാലിച്ചു.

കോവിഡ് കെയർ സെന്ററിൽ ആയിരുന്നപ്പോൾ കുറച്ചുപേരെ പരിചയപ്പെ ടുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാധിച്ചു. ജീവിതം സന്തോ ഷകരമായി മുന്നോട്ടു പോകുമ്പോൾ മാത്രമല്ല. തകർച്ചകളും പരാജയ ങ്ങളും രോഗങ്ങളും വരുമ്പോഴും ദൈവം കൂടെയുണ്ട് എന്ന് മനസ്സിലാക്കി തരുന്നു.

തക്കസമയക്രമീകരണം ദൈവത്തിന്റെ പ്രവൃത്തിയും തീരുമാനവുമാണ്. എന്റെ മകളും കൊച്ചുമകളും നാട്ടിൽ നിന്ന് വന്ന് ഇവിടെ ഞങ്ങളോടൊപ്പം താമസിച്ചിരുന്ന സമയമായിരുന്നു. ഞങ്ങൾ അഡ്മിറ്റാകുന്നതിന് രണ്ടു ദിവസം മുമ്പ് മകളുടെ ബന്ധു നാട്ടിൽ മരിക്കുകയും അവർക്ക് നാട്ടിൽ പോകേണ്ടതായ ഒരു സാഹചര്യവും വന്നു. നാട്ടിൽ എത്തിയശേഷം അവർക്കെല്ലാം കോവിഡ് പോസിറ്റീവ് ആയെങ്കിലും കാര്യമായ പ്രശ്നങ്ങ ളൊന്നും ഇല്ലാതെ അവരുടെ കുടുംബത്തെയും ദൈവം കാത്തുപാരിപാലി ച്ചു. എന്റെ നല്ല ദൈവത്തോട് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല.

കർത്താവ് വാഗ്ദാനങ്ങളിൽ വിശ്വസ്തനും പ്രവൃത്തികളിൽ കാരുണ്യവാ നുമാണ് (സങ്കീ :145 :13) എന്റെ മകന് ഓഫീസിൽ നിന്ന് 21 ദിവസത്തേക്ക് ശമ്പളത്തോടുകൂടിയ ലീവ് അനുവദിച്ചു. എനിക്കും കുടുംബത്തിനും കോവിഡ് ബാധിച്ചെങ്കിലും ഭയപ്പെട്ടതുപോലെ രൂക്ഷമായ പ്രശ്നങ്ങൾ ഒന്നുമില്ലാതെ കാത്തുപരിപാലിച്ച ദൈവത്തോട് നന്ദി പറയുന്നു. തുടർന്നും അങ്ങയുടെ തിരുരക്തത്തിന്റെ സംരക്ഷണം അനു നിമിഷം കൂടെയുണ്ടാക ണമെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധസേ വകർക്കും വേണ്ടി പ്രാർത്ഥിക്കാം. ദൈവത്തിന്റെ ദാനമാണ് കൃപ. തമ്പു രാന്റെ കൃപ അനുനിമിഷം നമ്മിലേക്ക് ചൊരിയാൻ എളിമയോടെ കാത്തി രിക്കാം.

**ശ്രീമതി. ബേബി ഡേവിസ്**

**Syro-Malabar Catechetical Commission**
**Catechetical Centre**
Mount St.Thomas,P.B.3110,Kakkanad, Kochi-682 030, Kerala, India
Tel: 0484-2424768, 2424780, Mob: 9495038417, Mob: 9447853524
Email: smcatechesis@gmail.com, Web: www.syromalabarcatechsis.org

Mar George Njaralakatt (Chairman) | Mar Lawrence Mukkuzhy (Member)
Fr.Thomas Melvettath (Secretary) | Mar Joseph Arumachadath MCBS (Member)

## പ്രസ്താവന

പ്രിയമുള്ളവരേ,

ക്രൈസ്തവ-ഇസ്ലാമിക വിശ്വാസങ്ങളിലെ ചില താരതമ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വിവാദ വിഷയമാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില വിവാദങ്ങളിലെങ്കിലും സഭയുടെ മതപഠന ഗ്രന്ഥങ്ങളെ പ്രതിസ്ഥാനത്തുനിർത്തുന്ന പരാമർശങ്ങൾ കാണാൻ ഇടവന്നതിനാൽ സീറോമലബാർ സഭയുടെ മതബോധന കമ്മീഷൻ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്താൻ ആഗ്രഹിക്കുന്നു.

1. ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരങ്ങളെയും ആദരവോടെ വിലയിരുത്തുന്നതിൽ ക്രൈസ്തവർക്കു വീഴ്ചവരാൻ പാടില്ല എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചിന്തയാണ് നമ്മുടെ പ്രബോധനങ്ങൾക്ക് വഴിവിളക്കാവുന്നത്. അനാവശ്യമായ താരതമ്യങ്ങളിലൂടെ ഇതരമതവിശ്വാസങ്ങളെ ഇകഴ്ത്തുന്ന എല്ലാ പ്രവണതകളിൽനിന്നും ക്രൈസ്തവർ ബോധപൂർവ്വം അകന്നുനിൽക്കണം. കാരണം. എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പരിപാലകനുമാണ് ദൈവം. ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ എല്ലാ മനുഷ്യരും നമുക്ക് സഹോദരങ്ങളാണ്.

2. ദൈവം ഒന്നേയുള്ളൂ. ആ ദൈവത്തിലാണ് എല്ലാ മതാനുയായികളും വിശ്വസിക്കുന്നത്. എന്നാൽ, ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ വിവിധ മതങ്ങളുടെ പ്രബോധനങ്ങളിൽ വ്യതിരിക്തതകളുണ്ട്. പഴയ നിയമത്തിലെ യാഹ്‌വെയുമായി സാമ്യമുള്ള പല പരാമർശങ്ങളും ഖുറാനിലെ ദൈവമായ അള്ളായെക്കുറിച്ചും കാണാമെങ്കിലും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ദൈവത്തെക്കുറിച്ചുള്ള ധാരണ ഒന്നാണെന്നു പറയുക സാധ്യമല്ല. ആ അർത്ഥത്തിൽ ഖുറാനിലെ ദൈവവും ബൈബിളിലെ ദൈവവും ഒന്നാണെന്ന പ്രസ്ഥാവനയും ശരിയല്ല. സ്നേഹവും കരുതലും കരുണയുമുള്ള പിതാവായ ദൈവത്തെക്കുറിച്ച് അവിടുത്തെ പുത്രനായ ഈശോ നൽകിയ വെളിപ്പെടുത്തലുകൾക്ക് ഉപരിയായ മറ്റൊരു വെളിപാടും ക്രൈസ്തവ വിശ്വാസത്തിനു നിരക്കുന്നതല്ല.

3. ത്രിയേക ദൈവത്തിലെ രണ്ടാം ആളായ പുത്രൻ തമ്പുരാനായ ഈശോ മിശിഹായും ഖുറാനിൽ പരാമർശിക്കുന്ന ഈസാ നബിയും തികച്ചും വ്യത്യസ്തരായ വ്യക്തികളാണ്.

പുതിയ നിയമം എഴുതപ്പെട്ട് ആറുനൂറ്റാണ്ടുകൾക്കുശേഷം എഴുതപ്പെട്ട ഖുറാനിൽ ബൈബിളിലെ ഈശോ മിശിഹായുടെ ജനന വിവരണത്തിൽനിന്നുള്ള ചില പരാമർശങ്ങൾ ഈസാനബിയെക്കുറിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, കേവലം ഒരു പ്രവാചകനായ ഈസായും ദൈവപുത്രനും ലോകരക്ഷകനുമായ ഈശോയും തമ്മിൽ സാമ്യത്തെക്കാൾ വ്യത്യാസമുണ്ട്. സ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിലേറി മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനായ ക്രിസ്തുവിലാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്. ആകാശത്തിനു കീഴിൽ മനുഷ്യനു വെളിപ്പെടുത്തപ്പെട്ട ഏകരക്ഷാമാർഗ്ഗം അവനാണ്. ക്രിസ്തുസംഭവത്തിലെ രക്ഷാകരരഹസ്യങ്ങളൊന്നും മുസ്ലീങ്ങൾ വിശ്വസിക്കുന്നില്ല എന്നതിൽനിന്നും ഈസാനബിയും ഈശോമിശിഹായും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാണ്.

4. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം ത്രിത്വൈക ദൈവത്തിലുള്ള വിശ്വാസമാണ്. പരിശുദ്ധത്രിത്വത്തെ നിഷേധിക്കുന്ന ഇസ്ലാമിക വിശ്വാസം ക്രൈസതവവിശ്വാസത്തിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ഏകദൈവം എങ്ങനെ മൂന്ന് ആളുകളാകുന്നു എന്ന ചോദ്യത്തിന് ക്രൈസതവ വിശ്വാസത്തിൽ വ്യക്തമായ ഉത്തരമുണ്ട്. ദൈവം തന്നെയായ ഈശോ ദൈവത്തെ ത്രിത്വമായി വെളിപ്പെടുത്തിയതിനാൽ ഈ വെളിപാട് സ്വീകരിച്ച് ഏറ്റുപറയുന്നവരാണ് ക്രൈസതവർ. ത്രിത്വൈകമല്ലാത്ത ദൈവവിശ്വാസങ്ങൾക്ക് ക്രിസ്തീയതയുമായി ബന്ധമില്ല.

5. ഈശോയുടെ അമ്മയായ മറിയവും ഖുറാനിലെ ഈസാനബിയുടെ അമ്മയായ മിറിയാമും തമ്മിൽ പേരിലുള്ള സാമ്യം മാത്രമേയുള്ളൂ. പരിശുദ്ധമറിയം അമലോത്ഭവയും നിത്യകന്യകയും ദൈവമാതാവും സ്വർഗ്ഗാരോപിതയുമാണ്. ഈ സത്യങ്ങളൊന്നും ഖുറാനിലെ മിറിയാമിനു ചേരുന്നതല്ല. അടിസ്ഥാനപരമായ വ്യത്യാസങ്ങളെ തമസ്കരിച്ചുകൊണ്ടുള്ള അനാവശ്യ താദാത്മീകരണങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ തനിമയെ തകർക്കുന്നതാണ്.

6. യഹൂദ-ക്രിസ്ത്യൻ-ഇസ്ലാം മതങ്ങൾ സെമിറ്റിക് പാരമ്പര്യത്തിൽ രൂപം കൊണ്ടതും ഏകദൈവവിശ്വാസത്തിലധിഷ്ഠിതവുമായ മൂന്നു ലോകമതങ്ങളാണ്. അതിനാൽതന്നെ മതഗ്രന്ഥങ്ങളിലെ വിവരണങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ചില സാദൃശ്യങ്ങൾ സ്വാഭാവികമാണ്. എന്നാൽ പ്രസ്തുത സാദൃശ്യങ്ങളുടെ വെളിച്ചത്തിൽ മൂന്നു മതവിശ്വാസങ്ങളും ഒന്നാണെന്നു വരുത്താനുള്ള അനാവശ്യ വ്യഗ്രതയിൽ ചില ദുരുദ്ദേശങ്ങൾ സംശയിച്ചാൽ കുറ്റം പറയാനാവില്ല. അനാവശ്യവും അടിസ്ഥാനരഹിതവുമായ ഇത്തരം താരതമ്യ പ്രസ്താവനകൾ പലപ്പോഴും ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യതയെ അപകടപ്പെടുത്തുന്നതാണ്. അതിനാൽത്തന്നെ അവയെ അംഗീകരിക്കാൻ ക്രൈസ്തവർക്കു കഴിയില്ല. എന്നാൽ എല്ലാ മതവിശ്വാസികളെയും ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരങ്ങളായി കരുതി സ്നേഹിക്കാനും സേവിക്കാനും ക്രൈസ്തവർക്കു കടമയുണ്ട്. പരസ്പരം സ്നേഹിക്കുക എന്നതാണ് ക്രിസ്തുവിന്റെ കല്പനകളുടെ സാരസംഗ്രഹം. ക്രിസ്തീയ

വിശ്വാസത്തെ വളർത്തുന്നതും മതസൗഹാർദ്ദത്തെ പരിപോഷിപ്പിക്കുന്നതുമായ സത്യങ്ങൾ മാത്രമാണ് സഭയുടെ മതബോധനഗ്രന്ഥങ്ങളിലും (ഉദാ : പന്ത്രണ്ടാം ക്ലാസ്സ്, *ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും.* 69) അനുബന്ധ പഠനങ്ങളിലും (ഉദാ : ഡോ. മൈക്കിൾ കാരിമറ്റം, *കത്തോലിക്കാ വിശ്വാസവും വെല്ലുവിളികളും*) നൽകിക്കൊണ്ടിരിക്കുന്നത്.

7. പന്ത്രണ്ടാം ക്ലാസ്സിലെ 'ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും' എന്ന പാഠപുസ്തകം തയ്യാറാക്കിയ കാലഘട്ടത്തിൽ നിന്നും ഏറെ വ്യത്യസ്തമായ മതാത്മക കാഴ്ചപ്പാടുകളാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അന്ന് നൽകിയ പ്രബോധനം, വിശ്വാസികൾക്ക് തെറ്റിദ്ധാരണകൾക്ക് ഇടയാകുമെന്ന് മനസ്സിലാക്കുന്നതിനാൽ തിരുത്തി ഇസ്ലാം മതത്തെക്കുറിച്ച് ഇപ്രകാരമാണ് 2021 മുതലുള്ള പുസ്തകത്തിൽ ചേർത്തിരിക്കുന്നത്: "ആറാം നൂറ്റാണ്ടിൽ സൗദി അറേബ്യായിലെ മക്കയിൽ ജനിച്ച മുഹമ്മദ് നബിക്ക് ജബ്രീൽ എന്ന ദൈവദൂതൻ വഴി മുസ്ലീങ്ങളുടെ ദൈവമായ 'അള്ളാഹു' നേരിട്ട് ഓതിക്കൊടുത്തു എന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്ന 'ഖുറാന്റെ' അടിസ്ഥാനത്തിൽ രൂപം കൊണ്ട മതമാണ് ഇസ്ലാം മതം. ഏകദൈവ വിശ്വാസികളാണ് മുസ്ലീങ്ങൾ. യഹൂദ ക്രൈസ്തവ വിശ്വാസപ്രമാണങ്ങൾ, ആചാരരീതികൾ, ദൈവശാസ്ത്ര വീക്ഷണങ്ങൾ എന്നിവയിൽ നിന്നും അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഇസ്ലാം മതം പുലർത്തുന്നു. ബൈബിളിൽ വെളിപ്പെടുത്തപ്പെടുന്ന ഏക സത്യ ദൈവത്തിൽ നിന്നും ഏറെ വിഭിന്നനാണ് ഖുറാനിലെ അള്ളാഹു". അതിനാൽ ഈ വിഷയത്തെക്കുറിച്ച് ഇനിയും ആശയക്കുഴപ്പമുണ്ടാക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

സ്നേഹാദരങ്ങളോടെ,

12/05/2021

മൗണ്ട് സെന്റ് തോമസ്, കാക്കനാട്

ഫാ. തോമസ് മേൽവെട്ടത്ത്

വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി



The Holy See

---

APOSTOLIC LETTER
ISSUED "MOTU PROPRIO"
BY THE SUPREME PONTIFF

**FRANCIS**

**"ANTIQUUM MINISTERIUM"**

INSTITUTING
THE MINISTRY OF CATECHIST

1. The ministry of Catechist in the Church is an ancient one. Theologians commonly hold that the first examples are already present in the writings of the New Testament. The service of catechesis may be traced back to those “teachers” mentioned by the Apostle in writing to the community of Corinth: “Some people God has designated in the Church to be, first, apostles; second, prophets; third, teachers; then, mighty deeds; then, gifts of healing, assistance, administration, and varieties of tongues. Are all apostles? Are all prophets? Are all teachers? Do all work mighty deeds? Do all have gifts of healing? Do all speak in tongues? Do all interpret? Strive eagerly for the greatest spiritual gifts. But I shall show you a still more excellent way” (*1 Cor* 12:28-31).

Saint Luke begins his Gospel by stating: “I too have decided, after investigating everything accurately anew, to write it down in an orderly sequence for you, most excellent Theophilus, so that you may realize the certainty of the teachings you have received” (*Lk* 1:3-4). The evangelist seems to be well aware that his writings offer a specific form of instruction that can give firm assurance to those already baptized. The Apostle Paul, for his part, tells the Galatians that: “one who is being instructed in the word should share all good things with his instructor” (*Gal* 6:6). As is evident, this text provides yet another detail; it speaks of the communion of life as a sign of the fruitfulness of an authentic catechesis.

2. From the beginning, the Christian community was characterized by many different forms of

ministry carried out by men and women who, obedient to the working of the Holy Spirit, devoted their lives to the building up of the Church. At times, the charisms that the Spirit constantly pours out on the baptized took on a visible and tangible form of immediate service to the Christian community, one recognized as an indispensable *diakonia* for the community. The Apostle Paul authoritatively attests to this when he states that "there are different kinds of spiritual gifts but the same Spirit; there are different forms of service but the same Lord; there are different workings but the same God who produces all of them in everyone. To each individual the manifestation of the Spirit is given for some benefit. To one is given through the Spirit the expression of wisdom; to another the expression of knowledge according to the same Spirit; to another faith by the same Spirit; to another gifts of healing by the one Spirit; to another mighty deeds; to another prophecy; to another discernment of spirits; to another varieties of tongues; to another interpretation of tongues. But one and the same Spirit produces all of these, distributing them individually to each person as he wishes" (*1 Cor* 12:4-11).

Within the broader charismatic tradition of the New Testament, then, we can see that certain baptized persons exercised the ministry of transmitting in a more organic and stable form related to different situations in life the teaching of the apostles and evangelists (cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on Divine Revelation *Dei Verbum*, 8). The Church wished to acknowledge this service as a concrete expression of a personal charism that contributed greatly to the exercise of her mission of evangelization. This glance at the life of the first Christian communities engaged in the spread of the Gospel also encourages the Church in our day to appreciate possible new ways for her to remain faithful to the word of the Lord so that his Gospel can be preached to every creature.

3. The history of evangelization over the past two millennia clearly shows the effectiveness of the mission of catechists. Bishops, priests and deacons, together with many men and women in the consecrated life, devoted their lives to catechetical instruction so that the faith might be an effective support for the life of every human being. Some of them also gathered around themselves others of their brothers and sisters sharing the same charism, and founded religious orders wholly dedicated to catechesis.

Nor can we forget the countless lay men and women who directly took part in the spread of the Gospel through catechetical instruction. Men and women of deep faith, authentic witnesses of holiness, who in some cases were also founders of Churches and eventually died as martyrs. In our own day too, many competent and dedicated catechists are community leaders in various parts of the world and carry out a mission invaluable for the transmission and growth of the faith. The long line of blesseds, saints and martyrs who were catechists has significantly advanced the Church's mission and deserves to be recognized, for it represents a rich resource not only for catechesis but also for the entire history of Christian spirituality.

4. Beginning with the Second Vatican Ecumenical Council, the Church has come to a renewed

appreciation of the importance of lay involvement in the work of evangelization. The Council Fathers repeatedly emphasized the great need for the lay faithful to be engaged directly, in the various ways their charism can be expressed, in the "*plantatio Ecclesiae*" and the development of the Christian community. "Worthy of praise too is that army of catechists, both men and women, to whom missionary work among the nations is so indebted, who imbued with an apostolic spirit make an outstanding and absolutely necessary contribution to the spread of the faith and the Church by their great work. In our days, when there are so few clerics to evangelize such great multitudes and to carry out the pastoral ministry, the role of catechists is of the highest importance" (cf. SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Activity *Ad Gentes*, 17).

Along with the important teaching of the Council, mention should be made of the constant interest of the Popes, the Synod of Bishops, the Episcopal Conferences and individual Bishops who, in recent decades have contributed to a significant renewal of catechesis. The *Catechism of the Catholic Church*, the Apostolic Exhortation *Catechesi Tradendae*, the *General Catechetical Directory*, the *General Directory for Catechesis* and the recent *Directory for Catechesis*, as well as the many national, regional and diocesan Catechisms, have confirmed the centrality of a catechesis that gives priority to the education and ongoing formation of believers.

5. Without prejudice to the Bishop's mission as the primary catechist in his Diocese, one which he shares with his presbyterate, or to the particular responsibility of parents for the Christian formation of their children (cf. CIC can. 774 §2; CCEO can. 618), recognition should be given to those lay men and women who feel called by virtue of their baptism to cooperate in the work of catechesis (cf. CIC can. 225; CCEO cans. 401 and 406). This presence is all the more urgently needed today as a result of our increasing awareness of the need for evangelization in the contemporary world (cf. Apostolic Exhortation *Evangelii Gaudium*, 163-168), and the rise of a globalized culture (cf. Encyclical Letter *Fratelli Tutti*, 100, 138). This requires genuine interaction with young people, to say nothing of the need for creative methodologies and resources capable of adapting the proclamation of the Gospel to the missionary transformation that the Church has undertaken. Fidelity to the past and responsibility for the present are necessary conditions for the Church to carry out her mission in the world.

Awakening personal enthusiasm on the part of all the baptized and reviving the awareness of their call to carry out a proper mission in the community demands attentiveness to the voice of the Spirit, who is unfailingly present and fruitful (cf. CIC can. 774 §1; CCEO can. 617). Today, too, the Spirit is calling men and women to set out and encounter all those who are waiting to discover the beauty, goodness, and truth of the Christian faith. It is the task of pastors to support them in this process and to enrich the life of the Christian community through the recognition of lay ministries capable of contributing to the transformation of society through the "penetration of Christian values into the social, political and economic sectors" (*Evangelii Gaudium*, 102).

6. The lay apostolate is unquestionably "secular". It requires that the laity "seek the kingdom of God by engaging in temporal affairs and directing them according to God's will" (cf. SECOND VATICAN ECUMENICAL COUNCIL Dogmatic Constitution on the Church *Lumen Gentium*, 31). In their daily life, interwoven with family and social relationships, the laity come to realize that they "are given this special vocation: to make the Church present and fruitful in those places and circumstances where it is only through them that she can become the salt of the earth" (ibid., 33). We do well to remember, however, that in addition to this apostolate, "the laity can be called in different ways to more immediate cooperation in the apostolate of the hierarchy, like those men and women who helped the apostle Paul in the Gospel, working hard in the Lord" (ibid.).

The role played by catechists is one specific form of service among others within the Christian community. Catechists are called first to be expert in the pastoral service of transmitting the faith as it develops through its different stages from the initial proclamation of the *kerygma* to the instruction that presents our new life in Christ and prepares for the sacraments of Christian initiation, and then to the ongoing formation that can allow each person to give an accounting of the hope within them (cf. *1 Pet* 3:15). At the same time, every catechist must be a witness to the faith, a teacher and mystagogue, a companion and pedagogue, who teaches for the Church. Only through prayer, study, and direct participation in the life of the community can they grow in this identity and the integrity and responsibility that it entails (cf. Pontifical Council for the Promotion of the New Evangelization, *Directory for Catechesis*, 113).


7. With great foresight, Saint Paul VI issued the Apostolic Letter *Ministeria Quaedam* with the intention not only of adapting the ministries of Lector and Acolyte to changed historical circumstances (cf. Apostolic Letter *Spiritus Domini*), but also of encouraging Episcopal Conferences to promote other ministries, including that of Catechist. "In addition to the ministries common to the entire Latin Church, nothing prevents Episcopal Conferences from asking the Apostolic See for the institution of others, which for particular reasons, they consider necessary or very useful in their own region. Among these are, for example, the offices of *Porter*, *Exorcist* and *Catechist*." The same pressing invitation is found in the Apostolic Exhortation *Evangelii Nuntiandi*; in calling for a discernment of the present needs of the Christian community in faithful continuity with its origins, the Pope encouraged the development of new forms of ministry for a renewed pastoral activity. "Such ministries, apparently new but closely tied up with the Church's living experience down the centuries, such as that of catechists… are valuable for the establishment, life, and growth of the Church, and for her capacity to influence her surroundings and to reach those who are remote from her" (SAINT PAUL VI, Apostolic Exhortation *Evangelii Nuntiandi*, 73).

To be sure, "there has been a growing awareness of the identity and mission of the laity in the Church. We can indeed count on many lay persons, although still not nearly enough, who have a deeply-rooted sense of community and great fidelity to the tasks of charity, catechesis and the celebration of the faith" (*Evangelii Gaudium*, 102). It follows that the reception of a lay ministry such as that of Catechist will emphasize even more the missionary commitment proper to every

To be Continu....

# ഈസ്റ്റർ ദിനാഘോഷങ്ങൾ




















# K.C Francis (Tahsildar)

*It's been 22 years since you left us.*

*We miss you pappa.*

# Catechism News

- Catechism inauguration will be held on 6/6/2021.Online catechism classes for students will begin from 13/6/2021.Futher information will be provided by the concerned class teachers.
- **Scholastic examination**

  Mrs Deepa Biju has secured first rank in the diocese level scholastic examination for teachers. Hearty congratulations and wishes. We also like to extend our wishes to all the teachers who have scored above 90%.May God bless our teachers in all their work.
- **Spiritual Dairy**

  Students are requested to maintain a spiritual dairy which will be reviewed by the class teacher periodically.This diary will help students in guiding their mind towards God and help them to be regular in their spiritual practices. We request parents to guide them and motivate them to maintain the dairy.Start maintaining your dailyspiritual diary and you can see the marvellous results in you.

**The following points are to be noted each day in the spiritual dairy**

- Attending Holy mass direct/online
- Reciting personal rosary
- Attending family prayer
- Bible reading
- Spiritual holy communion
- Receiving sacrament of confession
- Charitable works
- Attending online classes and homework

Sample Dairy for the Month of June is given below. You can either take a printout or draw it on a paper and record your daily spiritual participation by ticking the respective columns.

Name: Class:

| Spiritual Dairy 2021-22 | | | | | | | | |
|---|---|---|---|---|---|---|---|---|
| June 2021 | | | | | | | | |
| Date | Attending Holy mass direct/online | Reciting personal rosary | Family prayer | Bible reading | Spiritual Holy communion | Confession | Charitable works | Online classes and homework |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |
| 16 | | | | | | | | |
| 17 | | | | | | | | |
| 18 | | | | | | | | |
| 19 | | | | | | | | |
| 20 | | | | | | | | |
| 21 | | | | | | | | |
| 22 | | | | | | | | |
| 23 | | | | | | | | |
| 24 | | | | | | | | |
| 25 | | | | | | | | |
| 26 | | | | | | | | |
| 27 | | | | | | | | |
| 28 | | | | | | | | |
| 29 | | | | | | | | |
| 30 | | | | | | | | |

Signature of Parent Signature of Class teacher

# KIDS CORNER

**Start a peaceful and colourful time with Bible colouring and meditating on the bible verse. Stay with God and grow in faith**



Jesus goes up to heaven,
but he will come again!
*Mark 16:19; Luke 24:51; Acts 1:10-11*

# Marian Knowledge

1. What devotion did St. Kolbe spread?

   The devotion to the Immaculate Conception.

2. Which months of the year are dedicated to Our Lady?

   May & October

3. Which is the largest Basilica in the world?

   Basilica of Mary Major.

4. What did Don Bosco suggest for the preservation of the virtue of purity?

   A Hail Mary during elevation

5. Whom did Our Lady ask to spread devotion to the Green Scapular?

   St. Justin.

6. By whom were the words, “O clement, o loving, o sweet virgin Mary” added to the Hail Holy Queen?

   St. Bernard

7. What were the words of Pope Pius IX regarding the rosary?

   “I could convert the whole world, if I had an army praying the rosary.”

8. Who said, “All the treasures of the mercy of God are in her hands”?

   St. Peter Damian

9. By whom was the invocation “Queen of the Holy Rosary” introduced?

   Pope Leo XIII

10. Who instituted the feast of Mary Help of Christians?

    Pope Pius XII

# JUNE 2021

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | **1**<br>1 Cor 1:18-25<br>Lk 12:2-8 | **2**<br>1 Cor 6:12-20<br>Jn 6: 37-44 | **3**<br>1 Cor 11:23-30<br>Jn 6:51-59 | **4**<br>1 Cor 3:18-23<br>Jn 6:45-50 | **5**<br>1 Cor 10:14-22<br>Jn 6:1-15 |
| **6**<br>Deut 1:5-8<br>Is 1:1-9<br>1 Cor 7:1-7<br>Lk 10:25-37 | **7**<br>1 Cor 12:18-27<br>Jn 6:30-36 | **8**<br>Gal 2:19-21<br>Mt 25:31-40 | **9**<br>Rom 5:1-5<br>Mt 5:13-20 | **10**<br>1 Cor 3:1-9<br>Lk 8:4-15 | **11**<br>Rom 10:1-10<br>Jn 19:30-37 | **12**<br>Eph 1:2-8<br>Lk 2:41-51 |
| **13**<br>Deut 1:16-18<br>Is 1:10-20<br>1 Cor 9:19-27<br>Lk 6:27-36 | **14**<br>2 Cor 1:3-7<br>Mk 5:25-34 | **15**<br>Phil 1:12-18<br>Lk 10: 38-42 | **16**<br>1Cor 15:31-34<br>Mt 14:22-33 | **17**<br>1Cor 8:1-6<br>Mk 7:24-30 | **18**<br>Gal 2:15-18<br>Mk 5:21-24, 35-43 | **19**<br>2 Cor 2:12-17<br>Mk 1:40-45 |
| **20**<br>Deut 1:33-46<br>Is 1:21-31<br>1Cor 14:1-12<br>Lk 12:22-34 | **21**<br>2 Cor 1: 8-11<br>Jn 16: 25-33 | **22**<br>1 Pet 4:12-19<br>Mt 10:16-22 | **23**<br>Rom 5:12-21<br>Mk 12:1-12 | **24**<br>Gal 4:1-7<br>Lk 1: 57-66 | **25**<br>1 Pet 3:14-18<br>Mt 13: 24-30, 36-43 | **26**<br>Rom 7:7-13<br>Mk 12:38-44 |
| **27**<br>Deut 4:1-8<br>Is 2:1-5<br>1Cor 10:23-31<br>Lk 12:57-13:5 | **28**<br>2Tim 3:14-17<br>Jn 14:26-30 | **29**<br>2 Cor 11:21b-33<br>Jn 21:15-19 | **30**<br>2 Cor 1:12-15<br>Lk 15:8-10 | | | |

**K.J GEORGE**
Cell: 9865259919

*Nirmala* **MATHA**
**CHITS (TAMIL NADU) PVT.LTD**
0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine

## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377



**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

## MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12